ശ്രീ. എം. ഹംസ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട മാണിസാർ കേരള നിയമസഭയിൽ നൽകിയ ഉത്തരങ്ങളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഇതിനെ എതിർക്കുന്നത്. കേരള നിയമസഭയിലേയ്ക്ക് പുതിയ അംഗങ്ങൾ വന്ന സമയത്ത് ബഹുമാനപ്പെട്ട മാണിസാർ ബഡ്ജറ്റിനെക്കുറിച്ച് ക്ലാസ്സെടുക്കാൻ വന്നിട്ടുണ്ട്. അന്ന് അദ്ദേഹം പറഞ്ഞത് നിയമസഭ പാസ്സാക്കിത്തരുന്ന പണം ചെലവഴിക്കാത്തത് വലിയ കുറ്റമാണെന്നാണ്. അങ്ങനെയാണെങ്കിൽ കേരളത്തിലെ ഈ ഗവൺമെന്റ് വലിയ കുറ്റം ചെയ്തിരിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റ് പാസ്സാക്കിക്കൊടുത്ത പണം ചെലവഴിച്ചിട്ടില്ല എന്ന് മാണി സാർ തന്നെ കേരള നിയമസഭയിൽ ഉത്തരം നൽകിക്കഴിഞ്ഞിരിക്കുന്നു. 11/06/2012-ൽ ഈ സാമ്പത്തിക വർഷം 50 ശതമാനത്തിൽ താഴെ പണം ചെലവഴിച്ച നിരവധി വകുപ്പുകളുണ്ട്. ഭൂനികുതി റവന്യൂ വകുപ്പ്, ജയിലുകൾ, പെൻഷൻ പലവക, നഗരവികസനം, സാമൂഹ്യ വികസനം, ജലസേചനം, വൈദ്യുതപദ്ധതികൾ എന്നിവ 50 ശതമാനം പോലും പണം ചെലവഴിച്ചിട്ടില്ല എന്ന് ബഹുമാനപ്പെട്ട മാണി സാർ തന്നെ പ്രഖ്യാപിച്ചിരിക്കുകയാണ്. അതുകൊണ്ട് അസംബ്ലി പാസ്സാക്കിത്തന്ന പണം ചെലവഴിക്കാത്തത് ഫിനാൻഷ്യൽ മാനേജ്മെന്റിന്റെ തകരാറാണ്. ഇത്തരം തകരാറുകളുള്ള ഉപധനാഭ്യർത്ഥനകൾ അംഗീകരിക്കാൻ കഴിയില്ല എന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഇവിടെ 12,010 കോടിരൂപയുടെ അടങ്കലാണ് കഴിഞ്ഞ ബഡ്ജറ്റിൽ നീക്കി വച്ചത്. ബഹുമാനപ്പെട്ട മാണിസാർ പറഞ്ഞു 10596.58 കോടി രൂപയാണ് മാർച്ച് മാസം 31 വരെ ചെലവഴിച്ചത് എന്ന്. അങ്ങനെയാണെങ്കിൽ 1412 കോടി രൂപ ചെലവഴിക്കാതെ ലാപ്സാക്കിക്കളഞ്ഞു എന്ന് അദ്ദേഹം തന്നെ സമ്മതിച്ചിരിക്കുകയാണ്. കേന്ദ്രപദ്ധതികളായ കുടിവെള്ള പദ്ധതി, ജലനിധി, നാഷണൽ ഹൈഡ്രോളജി പദ്ധതി, കെ.എസ്.ടി.പി. ഇങ്ങനെ എട്ട് പദ്ധതികൾക്കായി കിട്ടിയ തുക 1042.95 കോടിരൂപയാണ്. ഏറ്റവും കൂടുതൽ

ബഡ്ജറ്റ് അവതരിപ്പിച്ച മാണിസാർ ധനമന്ത്രിയായിരിക്കുമ്പോൾ ചെലവഴിക്കാൻ കഴിഞ്ഞത് 509.7 കോടി രൂപയാണ്. രണ്ട് വകുപ്പുകളിലായി കേന്ദ്രത്തിന്റെ സഹായവും ഓൺഫണ്ടുംകൂടി 1414 കോടി രൂപയുടെ ബഡ്ജറ്റ് വിഹിതവും 509 കോടി രൂപ കേന്ദ്ര പദ്ധതികൾവഴി കിട്ടിയ പണവും ചെലവഴിക്കാതെ മൊത്തം 1923.7 കോടി രൂപ ചെലവഴിക്കാത്ത ഗവൺമെന്റാണ് ഇന്നത്തെ കേരള ഗവൺമെന്റ് എന്നത് ഈ ഗവൺമെന്റിന്റെ കാര്യക്ഷമതയില്ലായ്മയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ബഡ്ജറ്റ് പാസ്സാക്കിത്തന്ന പണം എന്തുകൊണ്ട് ചെലവാക്കിയില്ല എന്ന് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഗവൺമെന്റാണെങ്കിൽ ഈ സഭയ്ക്ക് ഉത്തരം നൽകേണ്ടതുണ്ട്. നിരവധി ക്ഷേമ പദ്ധതികൾക്ക് പണം കൊടുക്കാതെ, കർഷകത്തൊഴിലാളി പെൻഷൻ കൂട്ടാതെ ജനിച്ചുവീഴുന്ന കുട്ടിക്ക് പതിനായിരം രൂപ ഡെപ്പോസിറ്റ് ചെയ്ത് പ്രായപൂർത്തിയാകുമ്പോൾ ഒരു ലക്ഷത്തിലേറെ രൂപ കിട്ടുമായിരുന്ന പദ്ധതിക്കുപോലും പണമില്ലായെന്നും സാമ്പത്തിക ഘടന ഒരു വലിയ സ്ഫോടനാത്മകമായ അന്തരീക്ഷത്തിലേയ്ക്ക് എത്തുന്നുവെന്നുമൊക്കെ പറയുന്ന ബഹുമാനപ്പെട്ട മാണിസാറാണ് രണ്ടായിരത്തോളം കോടി രൂപ ചെലവഴിക്കാതെ പോയിരിക്കുന്നത് എന്നത് ഈ സഭ മനസ്സിലാക്കണം, അപ്പുറത്ത് അനുകൂലിച്ച് പ്രസംഗിക്കുന്നവർ മനസ്സിലാക്കണമെന്ന് ഞാൻ വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ഒരു ഗവൺമെന്റിന്റെ എഫിഷ്യൻസി കാണിക്കുന്നത് നികുതി പിരിച്ചെടുക്കുന്നതിലാണ്. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിലുള്ള ഈ ഗവൺമെന്റിന്റെ എഫിഷ്യൻസിയെക്കുറിച്ച് ബഹുമാനപ്പെട്ട മാണിസാർ തന്നെ നിയമസഭയിൽ ഉത്തരം നൽകിയിട്ടുണ്ട്. 11.6.2012 -ന് നൽകിയ ഉത്തരത്തിൽ പറയുന്നത് 32818.50 കോടി രൂപ നികുതി ഇനത്തിൽ സാമ്പത്തിക വർഷം പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ നികുതി പിരിച്ചത് 31,709.82 കോടി രൂപയാണ്. 1108.68 കോടി രൂപയുടെ നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ലക്ഷ്യമിട്ടത് പിരിച്ചെടുക്കാൻ കഴിയാത്ത ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ ഇട

തുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നികുതി പിരിവിന്റെ കാര്യത്തിൽ മാതൃക കാണിച്ചു. ബഹുമാനപ്പെട്ട തോമസ് ഐസക് പറഞ്ഞത് നമുക്ക് പൂവിൽ നിന്ന് തേൻനുകരുന്ന പൂമ്പാറ്റകളെപ്പോലെ ആകാം. പൂവിനെ വേദനിപ്പിക്കാതെ നമുക്ക് തേൻ നുകരാം. എന്നാൽ ഇവിടെ തേൻനുകരലല്ല നടക്കുന്നത്. ഇവിടെ പാവങ്ങളെ പീഡിപ്പിക്കുകയാണ് ചെയ്യുന്നത്. പണക്കാരനെ സഹായിക്കുന്നു. പണക്കാരായ ആളുകൾ നികുതി അടയ്ക്കാതെ കോടതിയിൽ കേസ് വരുമ്പോൾ അഡ്വക്കേറ്റ് ജനറൽ പോയി വാദിക്കുന്നത് ആർക്കുവേണ്ടിയാണെന്ന് ബഹുമാനപ്പെട്ട ധനമന്ത്രി പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ചെക്ക് പോസ്റ്റുകൾ അഴിമതി രഹിതമാക്കാൻവേണ്ടി തോമസ് ഐസക് പ്രഖ്യാപനം നടത്തി. ബഹുമാനപ്പെട്ട തോമസ് ഐസക് വാളയാർ ചെക്ക് പോസ്റ്റ് ഒരു ഇന്റർഗ്രേറ്റഡ് ചെക്ക് പോസ്റ്റാക്കി മാറ്റാനുള്ള തീരുമാനം എടുത്തു. ബഹുമനപ്പെട്ട മാണിസാർ അത് ഉപേക്ഷിച്ചു. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാലത്ത് വാളയാർ ചെക്ക് പോസ്റ്റ് അഴിമതി രഹിത ചെക്ക് പോസ്റ്റായിരുന്നുവെങ്കിൽ ഇന്ന് വാളയാർ ചെക്ക് പോസ്റ്റ് അഴിമതിയുടെ ചെക്ക് പോസ്റ്റായി മാറിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തേയ്ക്കുള്ള കോഴി കയറ്റുമതി-ഇറക്കുമതിയുടെ കാര്യത്തിൽ പോലും നികുതിയിൽ വലിയ കുറവാണ് വന്നിരിക്കുന്നതെന്ന് മാണിസാർ തന്നെ സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് പരസ്യങ്ങളിൽ ജീവിക്കുകയാണ്. ക്ഷേമ പദ്ധതികൾ ഇല്ലാതെ, വികസനമില്ലാതെ പരസ്യങ്ങളിലൂടെ മാത്രം ജീവിക്കുന്ന ഗവൺമെന്റിന് ദീർഘായുസ് ഉണ്ടാകുകയില്ലെന്ന് കാലം തെളിയിക്കാൻ പോകുകയാണ്. കാലം അത് തെളിയിക്കുക തന്നെ ചെയ്യും. ദീർഘായുസ് ഈ ഗവൺമെന്റിന് ഉണ്ടാവുകയില്ല. ഇവിടെ ധനകാര്യ വകുപ്പ് പല മാറ്റങ്ങൾക്കും വിധേയമാകുകയാണ്. വികസന പ്രവർത്തനങ്ങൾക്കുള്ള ബില്ലുകൾ കൃത്യമായി പാസ്സാക്കി കൊടുക്കുക, പി.ഡബ്ല്യൂ.ഡി.യുടെ ബില്ലുകൾ പാസ്സാക്കി കൊടുക്കുക തുടങ്ങിയ സിസ്റ്റം കഴിഞ്ഞ അഞ്ച് കൊല്ലം മുമ്പ് ഇവിടെ നിലവിൽ വന്നു. എന്നാൽ ഇപ്പോൾ

അഞ്ച് കോടി രൂപയിലധികം വരുന്ന ബില്ലുകൾ പാസ്സാക്കുന്നതിന് പ്രത്യേക അനുമതി വേണമെന്ന് പറഞ്ഞുകൊണ്ട് വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അധികാരം കേന്ദ്രീകരിക്കാൻ പോകുകയാണ്. അത്തരം അപകടങ്ങളൊന്നും ചെയ്യരുതെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ധനകാര്യവകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ ധനകാര്യവകുപ്പ് ഇനിയും കുറച്ചുകൂടി വികേന്ദ്രീകരിക്കണമെന്നാണ്. . ഓരോ ബഡ്ജറ്റിലും ഓരോ വകുപ്പുകൾക്കും കൊടുക്കുന്ന തുകയുണ്ട്. ആ തുക അവിടെ വച്ചുതന്നെ എ.എസ്. കൊടുക്കാവുന്ന സംവിധാനത്തിലേയ്ക്ക് മാറ്റിക്കൂടെ? ധനകാര്യവകുപ്പിലിരുന്ന് ഏറെ പരിചയസമ്പന്നനായ മാണിസാറിന്റെ നേതൃത്വത്തിൽ അങ്ങനെയൊരു നീക്കം നടത്തിക്കൂടെ? എന്തിനാണ് ഓരോ കാര്യത്തിനും ധനകാര്യവകുപ്പിലേയ്ക്ക് ഫയലുകൾ അയയ്ക്കുന്നത്; ജീവനക്കാരുടെ മെഡിക്കൽ റീഇമ്പേഴ്സുമെന്റിനുവേണ്ടിയുള്ള ഫയൽ എന്തിനാണ് ധനകാര്യവകുപ്പിലേയ്ക്ക് അയയ്ക്കുന്നത്? ധനകാര്യവകുപ്പ് അധികാരം വികേന്ദ്രീകരിച്ച് ഓരോ വകുപ്പുകൾക്കും കൊടുത്ത് ആ വകുപ്പുകളിൽ ഒരു ഫോർമുല തയ്യാറാക്കി ഒരു നിർദ്ദേശം നൽകി ധനകാര്യ വകുപ്പിന്റെ തന്നെ ഉദ്യോഗസ്ഥന്മാരെ ആ വകുപ്പിൽ സ്ക്രൂട്ടിണി ചെയ്യാൻ നിയോഗിച്ചുകൊണ്ട് ധനകാര്യവകുപ്പ് വികേന്ദ്രീകരണം നടത്തിയാൽ നമുക്ക് പണം ലാപ്സാക്കാതെ ചെലവഴിക്കാനാകും. അത്തരം വിപ്ലവകരമായ മാറ്റത്തിന് ധനകാര്യവകുപ്പ് മന്ത്രി നേതൃത്വം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചുകൊണ്ട് ഒരു പുകമറ സൃഷ്ടിക്കാനാണ് കേരള ഗവൺമെന്റ് ശ്രമിക്കുന്നത്. ഇപ്പോൾ ഓഞ്ചിയം വിഷയം ഇല്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി. എന്റെ സുഹൃത്തുക്കളൊക്കെ ഓഞ്ചിയത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ഇന്ന് കേരളത്തിലെ നിയമസമാധാനത്തിന്റെ സ്ഥിതി എന്താണ്?

ശ്രീ. പി. റ്റി. എ. റഹീം : ശ്രീ. വി.എം.സുധീരൻ കഴിഞ്ഞ ദിവസം പറഞ്ഞത് ഈ കൊലപാതകത്തിന്റെ പിന്നിൽ ഒരുപാട് കാര്യങ്ങളുണ്ട്, അതൊന്നും മുഖ്യമന്ത്രി കണ്ടിട്ടില്ലേ എന്ന് ചോദിച്ചത് അങ്ങയുടെ ശ്രദ്ധ യിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ. വി.എം.സുധീരനു പോലും ഈ ഗവൺമെന്റിനെ സഹായിക്കാൻ കഴിയുന്നില്ല. ഓഞ്ചിയം വിഷയം എടുത്ത്, ഒരു പഴയ മുറംകൊണ്ട് സൂര്യോദയം തടയാനുള്ള ശ്രമമാണ് ഇവിടെ യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. എന്താണ് കേരളത്തിൽ നടക്കുന്നത്? സിറ്റി പോലീസ് കമ്മീഷണറുടെ ആഫീസിന്റെ മുമ്പിൽ വച്ചാണ് ഒരു വീട്ടിൽ നിന്ന് 100 പവൻ സ്വർണ്ണം മോഷണം നട ക്കുന്നത്. ആ മോഷണം പോയപ്പോൾ ഒരു ഷാഡോ പോലീസ് അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്നു. ആ ഷാഡോ പോലീസ് നന്നായി പ്രവർത്തി ച്ചതിന്റെ ഫലമായി കുറ്റവാളിയെ പിടിക്കാൻ കഴിഞ്ഞു. മണക്കാട് മണ്ഡലം യൂത്ത് കോൺഗ്രസ് സെക്രട്ടറി മധുകുമാറാണ് അതിലെ കുറ്റ വാളി എന്നറിഞ്ഞപ്പോൾ ഇനി മേലാൽ ഷാഡോ പോലീസ് വേണ്ട എന്നാണ് കേരള ഗവൺമെന്റ് പ്രഖ്യാപിച്ചത്. 35 അംഗ ഷാഡോ പോലീസിനെ പിരിച്ചു വിട്ടു. ബാലരാമപുരത്ത് പോലീസ് സ്റ്റേഷന്റെ മുമ്പി ലാണ് മൂന്നു കിലോ സ്വർണ്ണം ജുവല്ലറിയിൽ നിന്ന് കൊള്ളയടിച്ചത്. പോലീസ് സ്റ്റേഷൻ പരിസരങ്ങളാണ് കളവിനുപറ്റിയ സ്ഥലമെന്ന് കേരള ത്തിലെ കള്ളന്മാർ തിരിച്ചറിഞ്ഞിരിക്കുന്നു. കേരളത്തിൽ കൊടും ഭീകര തയും ഭീകരപ്രവർത്തനങ്ങളും വളർന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമാണ് കാസർഗോഡ് വെടിവയ്പ്. ഭീകരവാദികൾക്കെതിരെ അതിശ ക്തമായ നിലപാട് സ്വീകരിക്കാൻ കഴിയത്തക്ക രീതിയിൽ ഒരു ജുഡീ ഷ്യൽ കമ്മീഷനെ വച്ചപ്പോൾ ആ ജുഡീഷ്യൽ കമ്മീഷൻ ഭീകരവാദി കൾക്കെതിരായിട്ടുള്ള വെളിച്ചം കൊണ്ടുവരുമെന്നു പറഞ്ഞപ്പോൾ ആ നിസാർ ജുഡീഷ്യൽ കമ്മീഷനെ ചരിത്രത്തിന് അപമാനകരമായി പിരിച്ചു

വിട്ട ഗവൺമെന്റാണ് ഈ കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. മാറാട് കലാപത്തെക്കുറിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിയിരുന്നു. ക്രൈം ബ്രാഞ്ച് അന്വേഷണത്തിൽ കുറ്റവാളികൾ ഐക്യജനാധിപത്യമുന്നണിയുടെ ഘടകകക്ഷികളിലേയ്ക്ക് നീങ്ങുമെന്ന് പറഞ്ഞപ്പോൾ ആ ക്രൈംബ്രാഞ്ച് അന്വേഷണം വേണ്ട എന്ന് പറയുന്ന വെള്ളരിക്ക പട്ടണമാക്കി കേരളത്തെ മാറ്റി യു.ഡി.എഫ്. ഭരണം. നറു ക്കോട്ടറി എന്ന് പറയുന്ന സ്ഥലത്ത് ബോംബ് ഉണ്ടാക്കുന്ന സമയത്താണ് അഞ്ച് മുസ്ലീം ലീഗുകാർ കൊല്ലപ്പെട്ടത്. സ്ഫോടനത്തിൽ കൊല്ലപ്പെട്ടതി നെക്കുറിച്ച് അന്വേഷണം വേണ്ട എന്ന് തീരുമാനിക്കുമ്പോൾ അതിന്റെ പിന്നിൽ ദുരൂഹതയുണ്ട്. ഇതാണ് കേരളത്തിന്റെ ഇന്നത്തെ ഭരണം. ഇവിടെ ചിലർക്ക് പ്രസംഗിക്കാൻ പാടില്ല. ജനാധിപത്യ സംവിധാനത്തിൽ പ്രസംഗിക്കണ്ടേ? എന്റെ സുഹൃത്ത് സി.പി.മുഹമ്മദ് പാലക്കാട് ജില്ലയിൽ എത്ര നന്നായി പ്രസംഗിക്കാറുണ്ട്, എത്ര പ്രതിഷേധത്തോടെ പ്രസംഗിക്കാ റുണ്ട്, എത്ര അമർഷത്തോടുകൂടി പ്രസംഗിക്കാറുണ്ട്. ആ പ്രസംഗിക്കാ നുള്ള സ്വാതന്ത്ര്യം നമുക്ക് വേണം. ആ പ്രസംഗിക്കാനുള്ള സ്വാതന്ത്ര്യം ഉപയോഗിച്ചാൽ ഇവിടെ കേസ് എടുക്കുകയാണ്. ഇവിടെ ശ്രീ. എളമരം കരീമിന് എതിരെ കേസ്. കണ്ണൂരിന്റെ എം.പി. പറയുന്നത് എന്റെ ഗൺമാന്റെ കൈയിലുള്ള തോക്കും ഗൺമാനും ഉമ്മവയ്ക്കാനുള്ളതല്ല. അത് വെടിവയ്ക്കാനുള്ളതാണെന്ന് പറഞ്ഞാൽ കേസ്സില്ല. സുപ്രീംകോടതി യുടെ ജഡ്ജ് കൈക്കൂലി വാങ്ങുന്നത് ഞാൻ കണ്ടിരിക്കുന്നുവെന്ന് പറഞ്ഞ ശ്രീ. കെ.സുധാകരനെതിരെ കേസ് എടുക്കാൻ ധൈര്യമില്ല. ഇവിടെ പോലീസ് മാഫിയ ബന്ധവും കുറ്റവാളികളെ പ്രോൽസാഹിപ്പി ക്കുകയും ചെയ്യുന്ന അവസ്ഥയിലേയ്ക്ക് കേരളം മാറി. കേരളത്തിലെ ഇന്റലിജൻസ് വിഭാഗം തന്നെ പറഞ്ഞത് 211 പോലീസുകാർക്ക് മാഫിയക ളുമായി ബന്ധമുണ്ടെന്നാണ്. അതിൽ എസ്.പി.മാർ മൂന്നു പേരുണ്ട്. ഡി. വൈ.എസ്.പി.മാർ 48 പേരുണ്ട്. 58 സി.ഐ.മാരുണ്ട്. എസ്.ഐ.മാർ 102 പേരുണ്ട്. കേരളത്തിലെ പോലീസ് മാഫിയ കൂട്ടുകെട്ടുകാരായി മാറിയിരി

ക്കുന്നുവെന്ന് ഇന്റലിജൻസ് റിപ്പോർട്ടുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി തന്നെ പോലീസ് ആഫീസർമാരുടെ യോഗത്തിൽ പറഞ്ഞത് ഈ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുക്കണമെന്ന് പറഞ്ഞപ്പോൾ നല്ല വരായ പോലീസ് ഉദ്യോഗസ്ഥന്മാർ കൈയടിച്ചു. പക്ഷേ കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥന്മാരാണ് ഇന്ന് തന്ത്രപ്രധാനമായ സ്ഥാനങ്ങളിൽ ഇരിക്കുന്നത്. സി.ബി.ഐ.യുടെ അന്വേഷണത്തിന് വിധേയമായ 36 പോലീസ് ഉദ്യോഗസ്ഥന്മാർ ഇന്ന് കേരളത്തിലുണ്ട്. വിജിലൻസ് അന്വേഷ ണത്തിന് വിധേയമായി 29 പേരുണ്ട്. സ്ത്രീപീഡന കേസിലും കൊലക്കേ സിലും പ്രതികളായ കൊലപാതക ശ്രമത്തിലും പ്രതികളായവർ പോലീസ് ഡിപ്പാർട്ടുമെന്റിലുണ്ട്. ആ രൂപത്തിൽ കേരളത്തിലെ പോലീസ് കുറ്റവാളി കളെ തന്ത്രപ്രധാനമായ സ്ഥാനങ്ങളിലേയ്ക്ക് മാറ്റുകയും ആ പോലീസിൽ ഇന്ന് അസഹിഷ്ണത കൂടികൂടി കമ്മ്യൂണിസ്റ്റ് വിരുദ്ധ അസഹിഷ്ണത കൂടി അതൊരു ഭ്രാന്തിന്റെ ഭാഗത്തേയ്ക്ക് എത്തുകയും ചെയ്തിരിക്കുന്ന അവസ്ഥയിലേയ്ക്കാണ് കേരളം എത്തുന്നത്. ഇടതുപക്ഷ പ്രസ്ഥാനത്തെ തകർക്കാൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തകർക്കാൻ ചിലപ്പോൾ ആഗ്രഹി ക്കുന്നുണ്ടാവും. പക്ഷേ അപ്പുറത്തിരിക്കുന്ന ചിലരെല്ലാം മനസ്സിലാക്കണം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തകർന്നാൽ എന്തായിരിക്കും അവസ്ഥയെന്ന് ചിന്തിക്കണമെന്ന് മാത്രമാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഈ രൂപ ത്തിൽ അക്രമികളുടെ ഒരു പോലീസ്, സാമൂഹ്യവിരുദ്ധന്മാരുമായി കൂട്ടു കൂടുന്ന പോലീസ് ആ രൂപത്തിലേയ്ക്ക് കേരളത്തിലെ പോലീസ് മാറിയ സന്ദർഭത്തിൽ മറ്റൊരു കാര്യം കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേര ളത്തിലെ പോലീസ് കൊടുംഭീകരർക്ക് എതിരായിട്ടുള്ള തീവ്രവാദി കൾക്കെതിരായിട്ടുള്ള വിവരം ശേഖരിക്കാനുള്ള അധികാരം ഇപ്പോൾ ടാറ്റാ കൺസൾട്ടന്റ് കമ്പനിയെ ഏല്പിച്ചിരിക്കുന്നു. ക്രൈം റിക്കോർഡ് ബ്യൂറോയുടെ എല്ലാ രഹസ്യങ്ങളും ടാറ്റാ കൺസൾട്ടന്റ് കമ്പനിയി ലേയ്ക്ക് കൊടുക്കുന്ന അവസ്ഥയിലേയ്ക്ക് എത്തിയാൽ എന്തായിരിക്കും കേരളത്തിന്റെ അവസ്ഥ? കൊടും ഭീകരർക്ക് എതിരായിട്ടുള്ള ശക്തമായ

നിലപാട് നമുക്ക് സ്വീകരിക്കാൻവേണ്ടി കഴിയുമോ അത് കഴിയാത്ത അവസ്ഥയിലേയ്ക്കാണ് എത്തുന്നത്. നിയമസഭ പാസ്സാക്കിയ പണം ചെലവഴിക്കുന്നില്ല. ഇവിടെ കുറ്റവാളികൾ നേരത്തെ പറഞ്ഞതുപോലെ ഡ്രാക്കുളമാരെ സൃഷ്ടിക്കുന്ന സംസ്ഥാനമായി കേരള മാറി. അതുകൊണ്ട് ഇത്തരത്തിലുള്ള സമീപനം സ്വീകരിക്കുന്ന ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ സാധ്യമല്ല. ബഹുമാനപ്പെട്ട മാണി സാർ ധനവകുപ്പിനകത്ത് അധികാര വികേന്ദ്രീകരണം നടപ്പാക്കണമെന്നും 25 കോടി രൂപയുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ഉണ്ടല്ലോ, അത് 25 കോടി രൂപ വീതം എല്ലാ എൽ.എൽ.എ.മാർക്കും നൽകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, രാമായണ ശീലുകളുടെ ഭക്തിസാന്ദ്രമായ പാരായണങ്ങളിലൂടെയും പുണ്യങ്ങളുടെ പൂക്കാലമായ റംസാനിലൂടെയും കേരളീയ സമൂഹം ഭക്തിനിർഭരമായി കടന്നുപോകുന്ന ഒരു അന്തരീക്ഷത്തിലാണ് 2012-2013-ലെ ബഡ്ജറ്റിന്റെ, ഏതാണ്ട് ആ പ്രക്രിയയുടെ അവസാന ഘട്ടത്തിലേക്ക് കടക്കുന്നത്. അഹല്യയെപ്പോലെ ശിലാരൂപമായിപ്പോയ കേരളത്തിന്റെ സമ്പദ്ഘടനയെ ഒരു ശ്രീരാമ ശീതള സ്പർശംകൊണ്ട് വീണ്ടും പുനർജ്ജനിപ്പിക്കുവാൻ ശ്രീ. കെ.എം. മാണി സാറിന് കഴിഞ്ഞു എന്നുള്ളതാണ് ഈ ബഡ്ജറ്റിലൂടെ കടന്നുപോകുമ്പോൾ പലപ്പോഴായി എനിക്ക് തോന്നിയിട്ടുള്ളത്. വരണ്ട ദർശനാനുഭവങ്ങളല്ല മറിച്ച് നിറഞ്ഞ യാഥാർത്ഥ്യത്തിന്റെ ചിന്താമുകുളങ്ങൾ ഉരുത്തിരിഞ്ഞുവന്നതാണ് 2012-2013-ലെ ബഡ്ജറ്റ് എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇസങ്ങളുടെ ഈടു വയ്പ്പുകളേക്കാൾ പൊന്നണിഞ്ഞ വയലുകളിലും മഞ്ഞണിഞ്ഞ മാമലകളിലും പണിയെടുത്ത കർഷകന്റെ കണ്ണീരിന്റേയും വിയർപ്പിന്റേയും ഗന്ധം ഏറ്റുവാങ്ങി അവന്റെ കനവുകൾക്ക് ഖനമുള്ള കതിർമണികൾ സമ്മാനിക്കാൻ കഴിയുമെന്നുള്ളതാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകത. ഞാനിത് പറയാൻ കാരണം എനിക്കു മുൻപ് സംസാരിച്ച ബഹുമാന്യയായ ഇ.എസ്. ബിജിമോൾ ഇവിടെ സൂചിപ്പിച്ചു, ആകെ 616.59 കോടി രൂപയുടെ ഉപധനാഭ്യർത്ഥന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയുടെ അംഗീകാരത്തിന് സമർപ്പിക്കുമ്പോൾ അതിനകത്ത് പ്രധാനമായും ചില പ്രത്യേക മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വികസനമാണ് നടത്തിയതെന്ന് പറയുകയുണ്ടായി. ഈ ഉപധനാഭ്യർത്ഥനകളിൽ വകകൊള്ളിച്ചിട്ടുള്ള പ്രധാനപ്പെട്ട ഐറ്റങ്ങൾ ഒന്ന് ഗ്രീൻഹൗസ്, റൈസ് ബയോപാർക്ക്, കോക്കനട്ട് ബയോപാർക്ക്, പൈനാപ്പിൾ മിഷൻ, സമഗ്ര കാർഷിക വികസന പദ്ധതിയായ നിറവ്, സമുദ്ര നിരപ്പിൽനിന്ന് താഴെ നടത്തുന്ന കൃഷിയെ സംബന്ധിച്ച് അന്താരാഷ്ട്ര റിസർച്ച് ട്രെയിനിംഗ് സെന്ററിനുവേണ്ടിയുള്ള നിർദ്ദേശം. 400

കോടി രൂപയുടെ കോൾനില വികസന പദ്ധതി, ഹൈസ്പീഡ് റെയിൽ കോറിഡോർ പേഴ്സണൽ റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം, തിരുവനന്തപുരത്തും കോഴിക്കോടും മെട്രോ റെയിൽ, ഹിൽ ഹൈവേ, അക്കാഡമിക് സിറ്റി, നോളഡ്ജ് സിറ്റി, 2004-2009 കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്ത ബി.പി.എൽ. വിദ്യാർത്ഥികളുടെ പലിശ സബ്സിഡി, കോട്ടയത്ത് വെസ്റ്റേൺഘട്ട് ക്ലൈമറ്റ് ചെയിഞ്ച് ഇൻസ്റ്റിറ്റ്യൂഷൻ, കോട്ടയ്ക്കലെ ആയുർവ്വേദ മെഡിക്കൽ യൂണിവേഴ്സിറ്റി, അതോടൊപ്പം കൺസോർഷ്യം ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ടെക്നിക്കൽ സ്കിൽ ഡവലപ്മെന്റ്, ടെക്നോളജി ഇന്നൊവേഷൻ ഫോർ ഫണ്ട് ഫോർ ഹൗസിംഗ് സെക്ടർ, ഹൗസിംഗ് റെഗുലേറ്ററി അതോറിറ്റി, കൺസ്യൂമർ ഫെഡ്ഡിന്റെ കീഴിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ഫാർമസി കോളേജ്, സാംസ്കാരിക മേഖലയിലും സ്പോർട്സ് യുവജനകാര്യം എന്നീ മേഖലയ്ക്കുമുള്ള പ്രത്യേക ഫണ്ടുകൾ, സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ന്യായവിലയ്ക്ക് ജീവൻ രക്ഷാ മരുന്നുകൾ നൽകുന്നതിനുള്ള 35 കാരുണ്യ ഫാർമസികൾ സ്ഥാപിക്കുന്നതിനുവേണ്ടി 23.6 കോടി രൂപയുടെ നിർദ്ദേശം. ഹഡ്കോയുടെ ബാധ്യത കുറയ്ക്കുന്നതിന് ഭവന നിർമ്മാണബോർഡിന് 119.79 കോടി രൂപയുടെ നിർദ്ദേശം, കർഷക കടാശ്വാസ പദ്ധതി, അഞ്ച് കോടി രൂപ, ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി. അതോടൊപ്പം കയർ വർക്കേഴ്സ് പെൻഷൻ, എമർജിംഗ് കേരള നിക്ഷേപ സംഗമം. 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന കാർഷിക ഉപഭോക്താക്കൾക്കുള്ള തെർമൽ സർചാർജ്ജ് ഒഴിവാക്കിയ ഇനത്തിൽ കെ.എസ്.ഇ.ബി.ക്കുണ്ടായ നഷ്ടം നികത്താൻ സബ്സിഡിയായി അൻപത് കോടി രൂപ. സ്പീച്ച് തെറാപ്പി ട്രെയിനിംഗ് മെഷീന് രണ്ട് കോടി രൂപയുടെ സഹായം. ഇതിൽ എവിടെയാണ് കേന്ദ്രീകൃതമായ ഫണ്ട് ചെലവഴിച്ചതെന്ന് എനിക്കറിയില്ല. ബഹുമാന്യയായ അംഗം സപ്ലിമെന്ററി

ഡിമാന്റ് പൂർണ്ണമായി വായിച്ചിട്ടില്ലെന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ടാണ് ആ ആശയത്തിലേക്ക് വന്നത് എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ശ്രീ. എം.ഹംസ ഇവിടെ ധനകാര്യമാനേജ്മെന്റിനെക്കുറിച്ച് സൂചിപ്പിച്ചു. ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ഇത്രയും സമഗ്രമായ ഒരു ധനകാര്യ മാനേജ്മെന്റ് നടന്ന ഒരു കാലഘട്ടം കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഡെവലപ്മെന്റ് എക്സ്പെൻഡീച്ചറിന്റെ കാര്യത്തിൽ 2009-10 -ലെ പതിമൂന്ന് ശതമാനത്തിന്റെ ഗ്രോത്ത് റേറ്റിൽനിന്ന് ഏതാണ്ട് 31 ശതമാനത്തിലേക്ക് ഉയർത്താൻ കഴിഞ്ഞുവെന്നുള്ളത് തീർച്ചയായും ഒരു നല്ല ധനകാര്യ മാനേജ്മെന്റിന്റെ ലക്ഷണമാണ്. അതോടൊപ്പം പശ്ചാത്തല വികസനം, അങ്ങേക്കറിയാം, കഴിഞ്ഞ പ്രാവശ്യം ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ ആയിരം കോടി രൂപയാണ് പ. ഡബ്ല്യൂഡി. ഡിപ്പാർട്ടുമെന്റിന് കൊടുത്തത്. ഇന്ന് കേരളത്തിൽ അങ്ങോളം ഇങ്ങോളം കടന്നുപോകുന്ന ആളുകൾക്ക് കാണാൻ കഴിയുന്ന കാഴ്ച, വളരെ നല്ല റോഡുകളാണ് കേരളത്തിൽ. സപ്ലിമെന്ററി ബഡ്ജറ്റിൽ ഇനിയും കൂടുതൽ പണം നൽകണം എന്നുള്ളതാണ് എന്റെ നിർദ്ദേശം. എനിക്ക് തോന്നുന്നു ഏതാണ്ട് പി.ഡബ്ല്യു.ഡി. യിൽ മാത്രമായി ഏതാണ്ട് 2280 കോടി രൂപയുടെ എ.എസ്. നൽകിക്കഴിഞ്ഞു എന്നുള്ളതാണ് യാഥാർത്ഥ്യം. ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചറിന്റെ ഗ്രോത്ത്റേറ്റ് 2010-11 -എൽ.ഡി.എഫ്. ഭരിക്കുന്ന കാലത്ത് ഏതാണ്ട് 1.49 ശതമാനമായിരുന്നു. 2011-12- ൽ അത് 1.81 ശതമാനമായി ക്യാപ്പിൽ എക്സപെൻഡീച്ചറിന്റെ വർദ്ധനവ് ഉണ്ടായിരിക്കുകയാണ്. അതോടൊപ്പം കഴിഞ്ഞദിവസം ധനകാര്യവകുപ്പുമന്ത്രി സഭയിൽ സൂചിപ്പിക്കുകയുണ്ടായി, നമ്മുടെ എക്സ്പെൻഡീച്ചറിന്റെ ഒരു പൊതു സ്വഭാവം ക്വാളിറ്റി എക്സ്പെൻഡീച്ചർ, മുടക്കുന്ന പണത്തിന് ഗുണപരമായ മേന്മ ഉറപ്പാക്കുക എന്നുള്ളതാണ്. പി.ഡബ്ല്യു.ഡി. യിൽ തന്നെ ഒരു ഡ്യൂറബിളിറ്റി കോൺട്രാക്ട് ഉൾപ്പെടെയുള്ള കാര്യങ്ങളിലേക്ക് ഗവൺമെന്റ് കടന്നു വരി

കയാണ്. അദ്ദേഹം സൂചിപ്പിച്ച മറ്റൊരു കാര്യം ബഞ്ചിംഗ് ഓഫ് എക്സ്പെൻഡീച്ചർ, എല്ലാ വർഷവും മാർച്ച് മാസത്തിന്റെ അവസാന ഘട്ടത്തിലാണ് പണം പൂർണ്ണമായി ചെലവഴിക്കാൻ കഴിയുന്നത്. അതു കൊണ്ട്തന്നെ പ്രവർത്തനങ്ങളിൽ ക്വാളിറ്റി സൂചിപ്പിക്കാൻ കഴിയുന്നി ല്ലെന്ന വലിയ പ്രശ്നം നമ്മുടെ മുന്നിലുണ്ട്. അതുകൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേതൃത്വം നൽകിക്കൊണ്ട് വിവിധ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിലുള്ള യോഗം വിളിച്ചുകൂട്ടി അടിയന്തരമായി ആ പ്രവർത്തികൾ നടപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്. നിർത്തിവച്ച നബാഡിന്റെ വായ്പയ്ക്ക് വേണ്ടിയുള്ള 136 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചത്. 2010-11 ഏതാണ്ട് 584 കോടി രൂപ ക്ഷേമ പ്രവർത്തനങ്ങൾക്ക് മാറ്റി വച്ചപ്പോൾ 2012-13 -ൽ 868 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇവിടെ ശ്രീ. എം. ഹംസ ടാക്സ് വരുമാനത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. 2006-2010 -ലെ 17 ശതമാനം വർദ്ധനവ് ഉണ്ടായ സ്ഥലത്തുനിന്ന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നിലവിൽ, 2011-12- ലെ കഴിഞ്ഞ വർഷത്തേക്കാളും, നികുതി വർദ്ധനവ് 19.5 ശതമാനമാണ്. എവിടെയാണ് ധനകാര്യ മാനേജ്മെന്റിന് തകരാറ് സംഭവിച്ചത് എന്നുള്ളത് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. 2006-2007-ൽ 32 ശതമാനമു ണ്ടായിരുന്ന കടബാധ്യതയിൽനിന്ന് ഇന്ന് 27 ശതമാനത്തിലേക്ക് കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞുവെങ്കിൽ തീർച്ചയായും കഴിഞ്ഞ ഒരു വർഷക്കാ ലത്തെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വളരെ കാര്യക്ഷമ മായ പ്രവർത്തനങ്ങളാണ് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടന്നത് എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മാണി സാറിന്റെ ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിച്ചത് ഇടശ്ശേരിയുടെ ഒരു കവിത സൂചിപ്പിച്ചുകൊണ്ടാണ്. അദ്ദേഹം പറഞ്ഞത്

'പരസ്പരം പോരാടുവാനുള്ള കേരളത്തിന്റെ

സമഗ്രമായ വികസനത്തിനുവേണ്ടി ഒരുമിച്ചുപോകാം' എന്നാണ്. ഇടശ്ശേരി അൻപത് വർഷങ്ങൾക്കുമുൻപെഴുതിയ മറ്റൊരു കവിതയിൽ പറഞ്ഞ ഒരു കാര്യമുണ്ട്.

'അൻപേ പേരാറേ നീ മാറിപ്പോകുമോ

ആകുലമായൊരു അഴുക്കുചാലായി'

എന്ന് ഇടശ്ശേരി പറഞ്ഞിട്ടുണ്ട്. പക്ഷെ ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ നിർദ്ദേശം എനിക്ക് തോന്നുന്നു ഇടശ്ശേരിക്ക് കൊടുത്ത മറുപടിയാണ് ഈ ബഡ്ജറ്റ് എന്നാണ്. പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടുള്ള വികസന ത്തിനല്ല നമ്മുടെ ലക്ഷ്യമെന്ന് ഈ ബഡ്ജറ്റ് സാക്ഷ്യപ്പെടുത്തുകയാണ്. മതിലുകൾക്കപ്പുറത്തേയ്ക്ക് മാലിന്യം തള്ളപ്പെടുകയും മരങ്ങളുടെ ചരമ ഗീതം ഒഴുകുകയും ചെയ്യുന്ന ഒരു കാഴ്ചപ്പാടിനപ്പുറത്തു നിന്നുകൊണ്ട് കേരളം ലക്ഷ്യമാക്കുന്ന ഒരു വലിയ വികസനത്തെയാണ് അൻപത് വർഷ ങ്ങൾക്കുശേഷം ബഹുമാന്യനായ കെ.എം. മാണി കാഴ്ചവച്ചിട്ടുള്ളത്. പാലാ കാരനായ ഒരു കവി പാലാ നാരായണൻ നായർ 'കേരളം വള രുന്നു' എന്ന കവിതയിൽ

'കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ

കേറിയും കടന്നും  ചെന്നന്യമാം രാജ്യങ്ങളിൽ'

എന്നെഴുതിയത് മറ്റൊരു പാലാ കാരൻ തിരുത്തി എന്നത് ഒരു ചരിത്ര നിയോഗമാണ്. കേരളം വളരുന്നു, പശ്ചിമാമ്പരങ്ങൾക്കപ്പുറത്തേയ്ക്കല്ല, കേരളത്തിന്റെ ഉള്ളിൽ തന്നെ കേരളം വളരുന്നു എന്ന് തിരുത്തിക്കുറിക്കു വാനുള്ള നിയോഗം ബഹുമാനപ്പെട്ട മാണി സാറിന് ലഭിച്ചത് തീർച്ച യായും പൂർവ്വാർജ്ജിതമായ പുണ്യമാണെന്ന് ഈ വ്രത നാളുകളിൽ എന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിന് എല്ലാവിധ ഭാവുകങ്ങളും അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ബാബു.എം. പാലിശ്ശേരി : സർ, 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് അവതരിപ്പിച്ച സമയത്തുതന്നെ ഞങ്ങളുടെ പ്രസംഗങ്ങളിൽ പറഞ്ഞു, ഈ ബഡ്ജറ്റ് ഉണ്ടാക്കാൻ പോകുന്നത് വമ്പിച്ച വിലക്കയറ്റമാണെന്ന്. VAT ഒരു ശതമാനം വർദ്ധിപ്പിച്ചും VAT നിരക്കുകൾ വൻതോതിൽ വർദ്ധിപ്പിച്ചുമൊക്കെ കേന്ദ്ര സർക്കാരിന്റെ എക്സൈസ് സേവന നികുതികളുടെ 20 ശതമാനം വർദ്ധനയ്ക്ക് പുറമെ വലിയ ഭാരം ജനങ്ങളിൽ കയറ്റിവച്ചുകൊണ്ടുള്ള ഈ ബഡ്ജറ്റ് മാസങ്ങൾക്കുള്ളിൽതന്നെ വമ്പിച്ച വിലക്കയറ്റമുണ്ടാക്കുമെന്ന് വളരെ കൃത്യമായി ഞങ്ങൾ പറഞ്ഞിരുന്നു, അതുതന്നെയാണ് ഇപ്പോൾ ചില മാസങ്ങൾ കഴിഞ്ഞപ്പോഴുണ്ടായിരിക്കുന്ന അനുഭവം. കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളുടെ പ്രതിനിധികളാണ് ഇവിടെയിരിക്കുന്ന 140 എം.എൽ.എ. മാർ. കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരേയും ഒരുപോലെ കണ്ട് വികസന പ്രവർത്തനങ്ങൾക്ക് പണമനുവദിച്ച സർക്കാരായിരുന്നു കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ. യു.ഡി.എഫ്.-ന്റെ നേതാക്കൻമാരുടെ മണ്ഡലങ്ങളിലെല്ലാം കണ്ണുംപൂട്ടി പണം അനുവദിച്ചത് എല്ലാവരും അനുഭവിച്ചവരാണ്. ഇപ്പോഴത്തെ ധനകാര്യവകുപ്പുമന്ത്രിയായ ശ്രീ. കെ.എം മാണിസാറിന്റെ മണ്ഡലത്തിലേയ്ക്ക് എത്ര കോടി രൂപ ആ കാലഘട്ടത്തിൽ അനുവദിക്കപ്പെട്ടുവെന്ന് എല്ലാവർക്കും അറിയാം. ഏറ്റവും ഒടുവിൽ എല്ലാ മണ്ഡലങ്ങളിലേയ്ക്കും 15 കോടി രൂപ എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടാണ് ഡോ. തോമസ് ഐസക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പുതിയ രീതിതന്നെ അവലംബിച്ചത്. ഇപ്പോൾ നടക്കുന്നത് തികഞ്ഞ പക്ഷപാദിത്വമാണ്. ഗവൺമെന്റ് വന്നശേഷം ഇപ്പോൾ ഓരോരുത്തരും പ്രസംഗിച്ചത് റോഡുകളെ സംബന്ധിച്ചാണ്. എല്ലാവർക്കും അറിയാം, പറയുന്നവർക്കും കേൾക്കുന്നവർക്കും എല്ലാവർക്കും അറിയാം ഇപ്പോൾ നന്നാക്കപ്പെട്ട് ഭംഗിയായി കിടക്കുന്ന ഈ റോഡുകൾ മുഴുവൻ എൽ.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് എ.എസ്-ഉം ടി.എസ്-ഉം കിട്ടിയവയാണ്, ചിലത് ആ ഘട്ടത്തിൽ പൂർത്തീകരിച്ചവയാണ്, ചിലതൊക്കെ എ.എസ്-ഉം ടി.എസ്-ഉം കിട്ടി ഈ ഗവൺമെന്റ് വന്നപ്പോൾ ടെണ്ടർ കഴിഞ്ഞ് പണി നടന്നവയാണ്. അതിനൊന്നും ഒരവകാശവും യഥാർത്ഥത്തിൽ ഈ പറയുന്ന ആളുകൾക്കില്ല. ഇപ്പോൾ ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ച ആസ്തി വികസന പദ്ധതി ശ്ലാഘനീയമാണ്, ഞാൻ അതിനെ അഭിനന്ദിക്കുന്നു. എന്നാൽ ഇത് തത്വത്തിൽ ഡോ. തോമസ് ഐസക് അവതരിപ്പിച്ച 15 കോടി പദ്ധതി തന്നെയാണ്. എന്തിനാണ് ആളുകളെ പറ്റിച്ചുകൊണ്ട് വർത്തമാനം പറയുന്നത്? ഒന്നാമത്തെ കൊല്ലം കഴിഞ്ഞു പോയി. അതിൽ അഞ്ചുകോടി രൂപ ഇല്ല. അവസാനത്തെ കൊല്ലം മെയ് മാസത്തിലാണ് തെരഞ്ഞെടുപ്പ്. മെയ് മാസത്തിൽ തെരഞ്ഞെടുപ്പ് വരുമ്പോൾ ആ വർഷത്തെ അഞ്ചുകോടി ഇല്ല. ഫലത്തിൽ 15 കോടി രൂപ തന്നെയാണ്, നേരത്തെയുണ്ടായിരുന്നതിന്റെ തുടർച്ചയല്ലാതെ മറ്റൊന്നുമല്ല ഈ പദ്ധതി എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. 25 കോടി എന്ന് പറയുന്നത് ശുദ്ധ അസംബന്ധമാണ്. ഈ പദ്ധതി നല്ലത് തന്നെ, ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. പക്ഷേ 15 കോടി എന്ന് പറയുന്നതായിരിക്കും നല്ലത്. അല്ലെങ്കിൽ കഴിഞ്ഞ വർഷത്തെ അഞ്ചുകോടിയും അവസാന വർഷത്തെ അഞ്ചുകോടിയുമടക്കം 25 കോടി എല്ലാ എം.എൽ.എ. മാരുടേയും മണ്ഡലങ്ങളിൽ തരും എന്ന് പ്രഖ്യാപിക്കണം. ഇവിടെ പല ആളുകളും സംസാരിക്കുമ്പോൾ പറയുന്നത് കേട്ടു, ഇവർ വായ് എടുത്താൽ പറയുന്ന ഒരു കാര്യമുണ്ട്. യു.ഡി.എഫ്.-ൽ ഐക്യമാണ്, ജനാധിപത്യമാണ്, അനുരഞ്ജനമാണ് എന്നൊക്കെ വലിയ വായിൽ പ്രസംഗിക്കുകയാണ്. അതേ സമയം എൽ.ഡി.എഫ്.-ൽ എന്തോ വലിയ പ്രശ്നങ്ങളാണ് എന്ന മട്ടിൽ പറയാൻ തുടങ്ങിയിട്ട് കുറേ കാലമായി. ഞങ്ങൾക്ക് ചില പ്രശ്നങ്ങളൊക്കെ ഉണ്ടായിരുന്നു. അതൊക്കെ ഞങ്ങൾ സമ്മതിക്കുന്നു, സ്വാഭാവികമാണ് ഒരു ജനാധിപത്യ രീതി അവലംബിക്കുമ്പോഴും അഭിപ്രായങ്ങൾ പറയുമ്പോഴും ചിലതൊക്കെ ഉണ്ടാകും. അതൊക്കെ ഞങ്ങൾ വളരെ ഭംഗി

യായി പരിഹരിക്കുകയും ചെയ്യും. പരിഹരിച്ചുകൊണ്ടുതന്നെ ജനാധിപത്യത്തെ മുറുക്കെ പിടിക്കുന്ന പാർട്ടി ഞങ്ങൾ തന്നെയാണ്. ഒരു സംശയവും വേണ്ട. ഞങ്ങളുടെ പാർട്ടിയിൽ ഒരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ മാധ്യമങ്ങളാകെ കൂകി വിളിക്കുകയാണ്, സി.പി.ഐ. (എം)-ൽ ഗംഭീര പുകില്. ഇത് ജനാധിപത്യമാണെന്ന് സത്യസന്ധമായി പറയാൻ, പക്ഷപാദിത്വം തലയ്ക്ക് പിടിച്ച മാധ്യമങ്ങൾക്ക് സാധിക്കുന്നില്ല. ഒരു മണ്ഡലം കമ്മിറ്റിയിലെങ്കിലും തെരഞ്ഞെടുപ്പ് നടത്താൻ കോൺഗ്രസ്സിന് ധൈര്യമുണ്ടോ? കാസർഗോഡ്-കണ്ണൂർ-കോഴിക്കോട് ജില്ലകളിൽ തെരഞ്ഞെടുപ്പ് നടത്തിയപ്പോൾ ലീഗിന്റെ അനുഭവം എന്താണ്? തെരഞ്ഞെടുപ്പ് നടത്താൻപോയ ലീഗ് നേതാക്കൻമാരുടെ പരുവം എന്താണ്? പത്രങ്ങളിൽ നമ്മൾ വായിക്കുന്നില്ലേ? തെരഞ്ഞെടുപ്പ് കഴിയുമ്പോഴും യോഗങ്ങൾ കഴിയുമ്പോഴും പ്രകടനങ്ങൾ നടക്കുകയാണ്. ഇ. അഹമ്മദിന്റെ കോലം കത്തിച്ചില്ലേ? ഇതൊക്കെ മൂടിവയ്ക്കുകയാണ്. ജനതാദൾ-ന് എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് നമുക്ക് കാത്തിരുന്ന് കാണാം. അപ്പുറത്തുള്ളവരുടെ കാര്യമാണ് ഞാൻ പറയുന്നത്. ഇപ്പോൾ യു.ഡി.എഫ്-ൽ എത്ര കേരളാ കോൺഗ്രസ്സ് ഉണ്ട്? എത്ര കേരളാ കോൺഗ്രസ്സ് (ബി) കളുണ്ട്? കേരള കോൺഗ്രസ്സ് (ബി) ഉണ്ടോ? ആകെ ഒരംഗമുള്ള കേരള കോൺഗ്രസ്സ് (ബി)യിൽ നടക്കുന്ന തർക്കമെന്താണ്? പരസ്പരം ഗോഗ്വ വിളിക്കുകയല്ലേ? തർക്കമില്ലാത്ത ഒരു പാർട്ടി അപ്പുറത്തുണ്ടെങ്കിൽ അത് ശ്രീ. ഷിബു ബേബി ജോണിന്റെ ആർ.എസ്.പി. ആണ്. അത് സത്യമാണ്. ആര് ആരോട് വഴക്കു കൂടാൻ? ശ്രീ. ഷിബു ബേബി ജോൺ സ്വയം ബഹളം കൂട്ടുകയല്ലാതെ വേറെ ആരോട് വഴക്ക് കൂടാൻ?

ശ്രീ. സാജു പോൾ : കോൺഗ്രസ്സിലും യു.ഡി.എഫ്-ലും നടക്കുന്നത് കായിക സംഘട്ടനവും അധികാര വടംവലിയുമാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിൽ എപ്പോഴും ആശയ സംഘട്ടനമാണ് ഉണ്ടാകുന്നത്. ആശയ സംഘട്ടനമുണ്ടാകുന്നിടത്തേ പുരോഗതി ഉണ്ടാകുകയുള്ളുവെന്ന്

കാറൽ മാർക്സ് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ബാബു.എം.പാലിശ്ശേരി</u> : എന്റെ ശ്രദ്ധയിലുണ്ട്. അഴിമതിക്കു വേണ്ടിയുള്ള അടിപിടിയാണ് അവിടെ നടക്കുന്നത്. ഈ ഗവൺമെന്റ് ചരിത്രത്തിൽ അങ്ങേയറ്റം സ്ഥാനംപിടിക്കുന്നത്, അങ്ങേയറ്റത്തെ വഞ്ചന യുടെ ചിഹ്നമായി സ്മരിക്കപ്പെടാൻ പോകുന്നത് ഭൂമിയുടെ പേരിലുള്ള അഴിമതിയായിരിക്കും. ഒരു സംശയവും വേണ്ട. ഭൂപരിഷ്കരണം കേരള ത്തിന്റെ ഏറ്റവും വിപ്ലവകരമായ ഒരു നിയമ നിർമ്മാണമായിരുന്നു. അത് ഒരിക്കലും നമുക്ക് വിസ്മരിക്കാൻ ആവില്ല. അതിന്റെ തുടർച്ചയായില്ല, ഭൂപരിഷ്കാരങ്ങളെ കൊണ്ടുവരാൻ ശ്രമിച്ച ശേഷം കുറെക്കാലം ഞങ്ങൾ ഭരണത്തിൽനിന്ന് വിട്ടുനിന്ന അവസ്ഥയുണ്ടായതുകൊണ്ട് ഉദ്ദേശിച്ച രീതി യിൽ അതിന്റെ തുടർച്ചയുണ്ടാക്കാൻ കഴിഞ്ഞില്ല എന്നുള്ളത് സത്യമാണ്. പക്ഷേ ലക്ഷോപലക്ഷം മനുഷ്യർ ഭൂമിയുടെ ഉടമസ്ഥരായത് അതുകൊ ണ്ടാണ്. നിങ്ങൾ ഭൂമാഫിയയ്ക്കുവേണ്ടി അതിൽ വെള്ളം ചേർക്കുകയാ ണ്. കശുമാവിൻതോപ്പുകളെ നിങ്ങൾ പ്ലാന്റേഷനിൽ ഉൾപ്പെടുത്താൻ ശ്രമിക്കുകയല്ലേ? എത്ര ആയിരം ഏക്കർ ഭൂമി വേണമെങ്കിലും വാങ്ങി ക്കൂട്ടി അവിടെ നാല് കശുമാവ് വച്ചുപിടിപ്പിച്ചാൽ ഭൂപരിഷ്കരണ നിയമ ത്തിൽനിന്ന് രക്ഷപ്പെടാൻ പറ്റുമെന്ന ഭേദഗതി നിയമമല്ലേ നിങ്ങൾ കൊണ്ടുവരുന്നത്? ഇത് ഭൂമാഫിയയ്ക്കുവേണ്ടിയല്ലാതെ മറ്റാർക്കുവേണ്ടി യാണ്? 2005-ന് ശേഷമുള്ള നെൽവയൽ നികത്താനുള്ള നിയമം വളരെ രഹസ്യമായി കൊണ്ടുവരാൻ ശ്രമിച്ചത് പുറത്തായതിന്റെ നാണക്കേ ടിൽനിന്നും ഇപ്പോൾ നിങ്ങൾക്ക് പുറത്തുവരാൻ പറ്റിയിട്ടുണ്ടോ? പ്ലാന്റേ ഷൻ എസ്റ്റേറ്റുകളിൽ അഞ്ച് ശതമാനം മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കാം, കെട്ടിടം പണിയാം എന്ന നിങ്ങളുടെ പരിഷ്കാരം മൂലം എന്താണ് സംഭ വിക്കാൻ പോകുന്നത്? അപ്പുറത്ത് കുറേ പ്രകൃതി സ്നേഹികളുണ്ടല്ലോ? പ്രകൃതി സ്നേഹികളുടെ വേഷം അണിഞ്ഞവരുണ്ടല്ലോ? ഞാൻ ചോദി

ക്കട്ടെ, ഈ കേരളത്തിലെ വനങ്ങളിലെ പരിസ്ഥിതി തകരാൻ പോകുക യല്ലേ? ഈ വനത്തിലും എസ്റ്റേറ്റുകളിലും കെട്ടിട സമുച്ചയങ്ങളും റിസോർട്ടുകളും മറ്റ് കാര്യങ്ങളുമെല്ലാം പണിയാൻ പോകുന്നതോടുകൂടി എന്താണ് സംഭവിക്കാൻ പോകുന്നത്? ഇതെല്ലാം ഈ രാജ്യത്തെ ജന ങ്ങൾ മനസ്സിലാക്കുന്നില്ലെന്ന് കരുതേണ്ട. ആയിരം ഏക്കർ തോട്ടമുണ്ടെ ങ്കിൽ 50 ഏക്കറിൽ വലിയ കെട്ടിടങ്ങളും റിസോർട്ടുകളുമൊക്കെ പണിതു ണ്ടാക്കി ആ സന്തുലനത്തെ ആകെ തകർക്കുകയാണ്. അതിന് നിങ്ങൾ നിയമംവഴി സാധ്യതയുണ്ടാക്കിക്കൊടുക്കുകയാണ്. പാട്ടഭൂമിക്കരാർ കഴി ഞ്ഞതിൽ കൃത്രിമ രേഖയുണ്ടാക്കി പതിച്ചുകൊടുക്കാൻവേണ്ടി നടത്തുന്ന ശ്രമങ്ങൾ ആർക്കാണ് അറിയാത്തത്? അതിന് കൂട്ടു നിൽക്കാത്ത വനംവ കുപ്പ് മന്ത്രിയുടെ തന്തയ്ക്ക് വിളിച്ചില്ലേ ശ്രീ.പി.സി. ജോർജ്? നമ്മളെല്ലാ വരും കണ്ടതല്ലേ? എന്തെല്ലാം ഗോ്വാ ഗോ്വാ വിളികളാണ് ഇവിടെ നടന്നത്? സിനിമയിലൊക്കെ ശ്രീ. കെ.ബി. ഗണേഷ് കുമാർ ഡ്യൂപ്പിനെ വച്ച് സ്റ്റണ്ട് നടത്തും. പക്ഷേ മുഖ്യമന്ത്രിയുടെ മുമ്പിൽവച്ച് നടന്ന ചർച്ചയിൽ ബഹു മാനപ്പെട്ട ചീഫ് വിപ്പ് കയ്യുയർത്തിയപ്പോൾ ശ്രീ. കെ.ബി. ഗണേഷ് കുമാർ പ്രതിഷേധം ഭാവിച്ച് ഇറങ്ങിപ്പോകുകയല്ലേ ചെയ്തത്? ഇത് ആർക്കാണ് അറിയാൻ പറ്റാത്തത്? ഭരണഘടന പ്രകാരം സത്യപ്രതിജ്ഞ ചെയ്ത ഒരു മന്ത്രിയെ ഓൻ, അവൻ, സിനിമക്കാരൻ എന്നൊക്കെ വിളിക്കുന്നത് ഏത് വകുപ്പ് അനുസരിച്ചാണ്? അങ്ങനെ വിളിക്കാമോ? ശ്രീ. എ.കെ. ബാലനെക്കുറിച്ച് ഇതേ ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് പറഞ്ഞത് നമുക്ക് മറക്കാറായോ? മിസ്റ്റർ ഗണേഷ് എന്ന് ശ്രീ. എ.കെ. ബാലൻ വിളി ച്ചതിനെ ആക്ഷേപിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജാതിവരെ വിളിച്ചില്ലേ ശ്രീ. പി.സി.ജോർജ്ജ്? ലക്ഷക്കണക്കിന് ആൾക്കാർ കേരളത്തിൽ അത് കണ്ടില്ലേ? അത് കണ്ട് ചിരിച്ചില്ലേ ശ്രീ. ഗണേഷ് കുമാർ? അത് കണ്ട് ചിരിച്ച ഗണേഷ് കുമാറിന് ഇപ്പോൾ കിട്ടിയില്ലേ? കലികാലമാണ്. വയലിൽ പണിയും വരമ്പത്ത് കൂലിയുമാണ്. ഇവിടെ ഇതിനെക്കുറിച്ച് മുഖ്യമ ന്ത്രിക്ക് എന്ത് പറയാനുണ്ട്? ഒരു മന്ത്രിയെ മറ്റൊരു ഘടക കക്ഷിയുടെ

നേതാവ് പരസ്യമായി ഇത്തരത്തിൽ ആക്ഷേപിക്കുകയും അവഹേളിക്കുകയുമൊക്കെ ചെയ്യുന്നതിനെക്കുറിച്ച് മുഖ്യമന്ത്രിക്ക് എന്ത് പറയാനുണ്ട്? അദ്ദേഹം റഫറിയെപ്പോലെ വിസിലടിക്കുകയാണ്. ഗോദയിൽ നടക്കുന്ന ഗുസ്തിയിൽ ഇടപെടുന്ന റഫറിയെപ്പോലെയാണ് മുഖ്യമന്ത്രി ഇപ്പോൾ പെരുമാറുന്നത്. ഇന്നലെ ടി.വി.യിൽ ശ്രീ. വി.എം. സുധീരന്റെ അഭിമുഖ സംഭാഷണമുണ്ടായിരുന്നു. ഇവിടെ നേരത്തെ ശ്രീ. പി.ടി.എ. റഹീം ചോദിച്ചതുപോലെ അദ്ദേഹം വളരെ കൃത്യമായി പറയുന്നു, കോൺഗ്രസ്സ് ഒമ്പത് കൊല്ലമായി വിജയത്തിൽനിന്നും വിജയത്തിലേയ്ക്കല്ലേ പൊയ്ക്കൊണ്ടിരിക്കുന്നത്, ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയും വിജയത്തിൽനിന്ന് വിജയത്തിലേയ്ക്ക് കോൺഗ്രസ്സിനെ നയിക്കുകയല്ലേ എന്നാണ് ചോദിച്ചത്. അതിന് അദ്ദേഹത്തിന്റെ മറുപടി വളരെ വ്യക്തമാണ്. അദ്ദേഹം പരിഹസിച്ചുകൊണ്ട് പറഞ്ഞത് അതിൽ കോൺഗ്രസ്സിന്റെ സംഭാവന ഒന്നുമില്ല, അതിന് നന്ദി പറയേണ്ടത് സി.പി.ഐ.(എം)-നോടാണ്. എന്നുപറഞ്ഞാൽ, ഞങ്ങളുടെ ഉള്ളിലുള്ള ചില പ്രശ്നങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അതിന്റെ ഉപയോക്താക്കളായി നേടിയ വിജയമല്ലാതെ മറ്റൊന്നുംതന്നെയില്ല. ഞങ്ങൾക്ക് ചില പ്രശ്നങ്ങളൊക്കെ ഉണ്ടായിരുന്നു. അതെല്ലാം പരിഹരിക്കാൻ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങൾ ഞങ്ങളുടെ പാർട്ടിക്കുണ്ട്, ഞങ്ങൾ അത് പരിഹരിക്കുകയും ചെയ്യും. നിങ്ങൾ എന്തെങ്കിലും പൊട്ടി വീഴുമെന്ന് കരുതി പിന്നാലെ നടക്കേണ്ട. പണ്ട് ആടിന്റെ അകിട് കണ്ടിട്ട് അതിന്റെ പിന്നാലെ നടന്നൊരു കുറുക്കന്റെ കഥയുണ്ട്. ഇത് ഇളകിയിളകി പോകുന്നതുകണ്ടിട്ട് ഇപ്പോൾ പൊട്ടിവീഴുമെന്ന് കരുതി പുറകെ നടന്ന കുറുക്കനെ പോലെ പിന്നാലെ നടന്ന് നരച്ചുനരച്ച് ഭരിക്കുകയായിരിക്കും നിങ്ങളുടെ യോഗം. ഒന്നും പൊട്ടി വീഴില്ല. ഞങ്ങളുടെ കൂട്ടത്തിൽനിന്നും ചില ആട്ടിൻകാഷ്ട്ടങ്ങൾ അപ്പുറത്തേയ്ക്ക് വന്നിട്ടുണ്ടാകും. അതൊക്കെ കയ്യിൽ കെട്ടിപ്പിടിച്ച് സുഖമായിരുന്നോ. അതിനപ്പുറത്തേയ്ക്കൊന്നും കിട്ടാൻ പോകുന്നില്ല. നിങ്ങൾ നിരാശരാകുമെന്ന കാര്യത്തിൽ ഒരു സംശയവുംവേണ്ട. ഈ

സർക്കാരിന്റെ രാഷ്ട്രീയ നിലപാടുകളിൽ എന്തെങ്കിലും സത്യസന്ധതയുണ്ടോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസ് എം.എം.മണിക്കെതിരെ കേസ് എടുത്തു. തത്തുല്യമായ പ്രകടനമല്ലേ ശ്രീ. കെ. സുധാകരൻ നടത്തിയത്? പ്രശാന്ത് ബാബുവും പ്രസ്താവന നടത്തിയല്ലോ. ശ്രീ. കെ. സുധാകരൻ തന്നെ നടത്തിയ പ്രസ്താവനയില്ലേ പലപ്പോഴും. അത് ടി.വി.യിൽ കാണിച്ചുകൊണ്ടിരിക്കുന്നില്ലേ? ആ സുധാകരന്റെ പേരിൽ എന്തെങ്കിലും നടപടിയെടുത്തോ? പ്രശാന്ത് ബാബുവിന്റെ പേരിൽ നടപടിയെടുത്തോ? അദ്ദേഹം സ്വയം കുറ്റം സമ്മതിച്ചു. എന്തേ ആ ഭാഗത്തേയ്ക്ക് കടക്കാത്തത് ? ശ്രീ. പി.കെ. ബഷീർ നടത്തിയ പ്രസ്താവന തത്തുല്യമല്ലേ? ജഡ്ജിമാർ തന്റെ സാന്നിദ്ധ്യത്തിൽ കൈക്കൂലി വാങ്ങിയെന്ന് സുപ്രീംകോടതി ജഡ്ജിമാരെക്കുറിച്ച് ഒരു എം. പി. പരസ്യമായി പറഞ്ഞിട്ട് ഒരു ചെറുവിരൽ അനക്കിയോ? ഒരു പെറ്റി കേസ് എടുത്തോ? ഞങ്ങളുടെ പേരിൽ കേസ്സിന്റെ കൂമ്പാരം ചമയ്ക്കുന്ന നിങ്ങളോട് ചോദിക്കട്ടെ ഒരു കേസ് ശ്രീ. കെ. സുധാകരന്റെ പേരിലോ, ശ്രീ. പി.കെ. ബഷീറിന്റെ പേരിലോ എടുത്തോ? ശ്രീ. പി. കെ. ബഷീറിന്റെ കഴിഞ്ഞ കൊല്ലത്തെ പ്രസംഗം കഴിഞ്ഞപ്പോൾ ഒരു മാഷിനെ ചവിട്ടിക്കൊന്നു, കുറേ മാഷുമാർ ചവിട്ടേറ്റ് വീഴുകയും ചെയ്തു. ഇക്കൊല്ലത്തെ പ്രസംഗം കഴിഞ്ഞപ്പോഴോ രണ്ടുപേരെ വെട്ടിക്കൊന്നു, കേസ് ഉണ്ടോ? കേസ്സെടുത്തില്ല. കേസ്സെടുക്കാൻ ശ്രമിച്ച മനോഹരൻ എന്നുപറഞ്ഞ ഒരു എസ്.ഐ.യുടെ ഇപ്പോഴത്തെ ഗതിയെന്താണ് ? ആ എസ്.ഐ.യെ സ്ഥലം മാറ്റി. അതിനകത്തും ഒരു രസമുണ്ട്. കഷ്ടകാലത്തിന് ശ്രീ. പി. കെ. ബഷീറിന്റെ പേര് എഫ്.ഐ.ആർ.-ൽ ഉൾപ്പെടുത്തിയ പി. മനോഹരനെ അവിടെനിന്നും സ്ഥലം മാറ്റിയെന്നിട്ട് റ്റി. മനോഹരനെ ഇങ്ങോട്ട് നിയമിച്ചു. ഇന്നലെ സംഭവിച്ചതാണ്. പി.മനോഹരനെ മാറ്റി പകരം റ്റി. മനോഹരനെ നിയമിച്ചു. എന്നുവച്ചാൽ ഇപ്പോഴും എസ്. ഐ.ആരാണ്? എസ്.ഐ. മനോഹരൻ തന്നെ. കോടീശ്വരൻ പരിപാടിയിൽ റ്റി.വി.യിൽ സുരേഷ് ഗോപി പറയുന്നതുപോലെ ദേ....

പോയ്....ദാ വന്നു, അതുപോലെതന്നെ ദേ..... മനോഹരൻ പോയി, ദാ..... മനോഹരൻ വന്നൂ, എന്ത് പറ്റിക്കലാണ് നിങ്ങൾ നടത്തുന്നത്? മുതുകാടി നേക്കാളും വലിയ മാജിക്കാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇതു സംബന്ധിച്ച് പത്രത്തിൽ വാർത്ത വന്നില്ലെങ്കിൽ എല്ലാവരും കരുതും അവിടെ മനോഹരൻ തന്നെയാണ് എസ്.ഐ. യെന്ന്. ഇത്തരത്തിലാണ് നിങ്ങൾ കാര്യങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ടി.പി. ചന്ദ്ര ശേഖരന്റെ കേസ് വിവാദത്തിനിടയിൽ, അതു സംബന്ധിച്ചും ശ്രീ. വി. എം. സുധീരൻ ഇന്നലെ പറഞ്ഞതാണ്. ശ്രീ. വി.എം. സുധീരൻ യോഗത്തിൽ പറഞ്ഞതല്ലേ? ടി.പി. ചന്ദ്രശേഖരന്റെ വിവാദപ്രശ്നത്തിനിട യിൽ എത്രയെത്ര കരിനിയമങ്ങളും എത്രയെത്ര തെറ്റായ ജനവിരുദ്ധ തീരു മാനങ്ങളുമാണ് നിങ്ങൾ ഉണ്ടാക്കിയത്, എത്ര കേസ്സുകളാണ് പിൻവലി ച്ചത്. സൈൻബോർഡ് കേസ് പിൻവലിച്ചില്ലേ? പാമോയിൽ കേസ് ഒതു ക്കിയില്ലേ? ഐസ്ക്രീം കേസ് അവസാനിപ്പിച്ചില്ലേ? ടൈറ്റാനിയം കേസിന് ചരമക്കുറിപ്പ് എഴുതിയില്ലേ? ഇതെല്ലാം ഈ സന്ദർഭത്തിൽ ടി.പി. ചന്ദ്രശേഖരന്റെ വിവാദം പത്രങ്ങളിൽ നിറച്ചുകൊണ്ട് അതിന്റെ പുറകി ലൂടെ നിങ്ങൾ നേടിയെടുത്ത കാര്യങ്ങളല്ലേ? കേരളത്തിൽ ഭക്ഷ്യവിഷ ബാധ തകർന്നാടുകയാണ്. ടി.വി. കണ്ടാൽ നമുക്ക് പിന്നെ ഭക്ഷണം കഴി ക്കാനേ തോന്നില്ല. എന്തെല്ലാമാണ് ഈ സർക്കാരിന് കീഴിൽ നടക്കുന്നത്. ഹോട്ടലിൽ നിന്നും ഭക്ഷണം കഴിക്കാൻ ഭയമാണ്. റംസാൻ കാലമാണ് വരുന്നത്. ഇറച്ചി വാങ്ങുമ്പോൾ സൂക്ഷിക്കണം. ഭക്ഷണം ഉണ്ടാക്കു മ്പോൾ സൂക്ഷിക്കണം. പലവ്യഞ്ജനങ്ങൾ വാങ്ങുമ്പോൾ സൂക്ഷിക്കണം. എല്ലാത്തിലും മായമാണ്. ഇങ്ങനെ വാങ്ങുന്ന സാധനങ്ങൾ മാത്രമല്ല ഈ സർക്കാരിന്റെ കീഴിൽ പഴവർഗ്ഗങ്ങൾ എങ്ങനെയാണ് ഉപയോഗിക്കു ന്നത്? പേരയ്ക്ക തോലു ചെത്തി അതിൽ പെയിന്റ് അടിക്കുന്ന ഏർപ്പാട് ലോകത്തെവിടെയെങ്കിലുമുണ്ടോ? മെഴുക് പുരട്ടിയ ആപ്പിൾ കഴിച്ച് കുട്ടി ആശുപത്രിയിലായി. എന്തെങ്കിലും ഈ സർക്കാരിന്റെ കാലത്ത് വിശ്വ സിച്ച് വാങ്ങാൻ പറ്റുമോ? ചെറുകിട ഹോട്ടലുകളിൽ റെയ്ഡ്, തട്ടുകടക

ളിൽ റെയ്ഡ്, കൊച്ചുകൊച്ചു ഷോപ്പുകളിൽ റെയ്ഡ്. വലിയ ഒരു ഹോട്ടലെങ്കിലും കൈ വയ്ക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? മരട് മുനിസിപ്പൽ സെക്രട്ടറി ജയകുമാർ എറണാകുളത്തെ ഏറ്റവും വലിയ നാലോ അഞ്ചോ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ റെയ്ഡ് നടത്തി. എന്താണ് ഫലം? എങ്ങനെയാണ് പ്രതികരിച്ചത്? അഞ്ചാം മന്ത്രിയുടെ ഉശിര് കണ്ടത് അപ്പോഴാണ്. ആ ജയകുമാറിനെ ചങ്ങനാശ്ശേരിയിലേയ്ക്ക് സ്ഥലം മാറ്റി - by telephone within 24 hours. അപ്പോൾ വലിയ വലിയ തമ്പുരാക്കന്മാരെ തൊട്ടാൽ നിങ്ങളെങ്ങനെയാണ് പ്രതികരിക്കുന്നത്. നിങ്ങൾക്ക് ജനങ്ങളുടെ ആരോഗ്യനിലയിൽ പ്രശ്നമല്ല, ജനങ്ങൾ മരിച്ചുവീഴുന്നത് പ്രശ്നമല്ല, ഭക്ഷ്യവിഷബാധ പ്രശ്നമല്ല. പത്രത്തിൽ വലിയൊരു വാർത്ത വന്നു. ഞാൻ വളരെ അത്ഭുതത്തോടുകൂടിയാണ് ആ വാർത്ത വായിച്ചത്. വിശ്വസിക്കാൻ കഴിയുന്നില്ല. റെയ്ഡ് നടത്തുന്ന ഉദ്യോഗസ്ഥർക്ക് വലിയ സമ്മാനങ്ങളാണ് കൊടുക്കുന്നത്. പത്രത്തിൽ എഴുതുന്നു; സംസ്ഥാനത്തെ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും റെയ്ഡ് നടത്തുന്ന പ്രമുഖനായ ഒരാൾ .....

<u>മി. ചെയർമാൻ:</u> പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് പറയുന്നത്. ഗവൺമെന്റ് ഹോട്ടലുകൾക്കെതിരെ അതിശക്തമായ നിലപാടുകൾ എടുക്കുകയാണ്. എറണാകുളത്തെ ലേ മെറിഡിയൻ പോലുള്ള പഞ്ചനക്ഷത്രഹോട്ടലുകളിൽ പോയി പരിശോധന നടത്തുകയാണ്. അവിടെ പരിശോധന നടത്തിയ ഉദ്യോഗസ്ഥനെ ടെലിഫോൺ കാൾ വഴി സ്ഥലം മാറ്റിയെന്നാണ് അദ്ദേഹം ഇപ്പോൾ പറഞ്ഞത്. അദ്ദേഹത്തിന് എവിടെനിന്നും കിട്ടിയ വിവരമാണ്? ടെലിഫോൺ കാൾ വഴിയല്ല മാറ്റിയത്. അദ്ദേഹത്തിന്റെ റിക്വസ്റ്റ് പ്രകാരമാണ് മാറ്റിയത്. സ്ഥലം മാറ്റ

ത്തിന് അദ്ദേഹം ആവശ്യപ്പെട്ടപ്രകാരമാണ് സ്ഥലംമാറ്റിയത്. വെറുതെ ആവശ്യമില്ലാതെ, കാര്യം അറിയാതെ പറയരുത്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, പോയിന്റ് ഓഫ് ഓർഡർ ഒന്നും ഇല്ല. അങ്ങ് പോയിന്റ് ഓഫ് ഓർഡർ അങ്ങനെ അനുവദിക്കരുത്.

മി. ചെയർമാൻ: അത് ചെയറിന്റെ ഡിസ്ക്രീഷനാണ്. അങ്ങ് പ്രസംഗം തുടരുക.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, എസ്.ഐ. മനോഹരനും അദ്ദേഹത്തിന്റെ ............................(ബഹളം)...............................

മി. ചെയർമാൻ: ഇനി ആർക്കും വഴങ്ങാൻ പറ്റില്ല. സമയം കൂടുതലായി. അങ്ങ് വഴങ്ങിയാൽ മൈക്ക് ഓഫ് ചെയ്യും. പ്ലീസ്.... നാല് മിനിട്ട് കൂടുതൽ സമയം എടുത്തു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ അവസാനിപ്പിക്കാം. വൻകിട ഹോട്ടലുകൾ ഉദ്യോഗസ്ഥർക്ക് വൻതുക കോഴ കൊടുക്കുന്നു. പഞ്ചനക്ഷത്ര ഹോട്ടൽ റെയ്ഡ് നടത്തിയ ഉദ്യോഗസ്ഥന് ഗിഫ്റ്റ് വൗച്ചർ കൊടുത്തു. പഞ്ചനക്ഷത്രഹോട്ടൽകാർ കൊടുത്ത ഗിഫ്റ്റ് വൗച്ചർ ഉപയോഗിച്ച് റെയിഡിന് പോയ ഒരു ഉദ്യോഗസ്ഥൻ ഇന്നലെ 65,000 രൂപയുടെ തുണി വാങ്ങി, 12,000-രൂപയുടെ ചെരുപ്പുകൾ വാങ്ങി, വൻകിട ഹോട്ടലുകളിലേയ്ക്ക് ചെല്ലാതിരിക്കാൻ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....................അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, എന്നോട് മാത്രം നീതി പുലർത്താത്തതെന്താണ്? ശ്രീ. സി.പി. മുഹമ്മദും മറ്റും കൂടുതൽ സമയ

മെടുത്തില്ലേ? ഞാൻ അവസാനിപ്പിക്കുകയാണ്. മനുഷ്യൻ മരിച്ചുവീഴുന്ന വിഷഭക്ഷണത്തിന്റെ കാര്യത്തിൽപോലും പക്ഷപാതിത്വം പുലർത്തുന്ന ഈ സർക്കാരിന്റെ ചെയ്തികൾ ജനങ്ങൾ കാണുന്നുണ്ട്. ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് എന്ന് പറഞ്ഞത് ഗാന്ധിജിയാണ്. ഗ്രാമീണമേഖലയിൽ അടിസ്ഥാനസൗകര്യവികസന കാര്യത്തിലാണെങ്കിലും നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യത്തിലാണെങ്കിലും വിപ്ലവകരമായ പുരോഗതി കൈവരിച്ച ഒരു വർഷമാണ് ഉണ്ടായത്. നമ്മുടെ മുമ്പിൽ സംസാരിക്കുന്ന തെളിവുകളുണ്ട്. ശ്രീമതി സോണിയാഗാന്ധിയുടേയും ഡോ.മൻമോഹൻ സിംഗിന്റെയും നേതൃത്വത്തിലുള്ള ഒന്നാം യു.പി.എ. സർക്കാർ രാജ്യത്ത് നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010–11 കാലയളവിൽ ടോട്ടൽ എക്സ്പെന്റിച്ചർ 701 കോടി രൂപയാണ്. 2011–12-ൽ ഈ പദ്ധതിയിൽത്തന്നെ 1065 കോടി രൂപ ഇതിനകംതന്നെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെയെല്ലാം നിയോജകമണ്ഡലങ്ങളിൽ പി.എം.ജി.എസ്.വൈ റോഡുകളുണ്ട്. പി.എം.ജി.എസ്.വൈ-യുടെ നിലവിലുള്ള നോംസ് അനുസരിച്ച് ഇവ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ സംഭാവനകൂടി കൊടുത്തുകൊണ്ട് മുടങ്ങിക്കിടക്കുന്ന പി.എം.ജി.എസ്.വൈ. റോഡുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഒരു തീരുമാനമെടുക്കുകയുണ്ടായി. ഇതുവഴി ഗ്രാമീണ മേഖലയിലെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് കൃത്യമായ പദ്ധതികളുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. യുവജനങ്ങൾക്കുവേണ്ടി ഈ സർക്കാരിന് ഒരു നയമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ 5 വർഷക്കാലത്ത് യുവജനങ്ങൾക്കുവേണ്ടി എന്തെങ്കിലുമൊരു നയമുണ്ടായിരുന്നോ? നിങ്ങൾ പുതുതായി ഏതെങ്കിലും മാർഗ്ഗത്തിൽ ഒരാൾക്കെങ്കിലും എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്തോ? ഈ സർക്കാർ സ്വയംസംരംഭക മിഷൻ വഴി ചെറുപ്പക്കാരെ തൊഴിൽ രഹിതരും തൊഴിൽ യാചകരുമാക്കാതെ അവരെ തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കിമാറ്റുന്ന സംഭവ

ങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. അതുപോലെ സ്കിൽ ഡെവല പ്മെന്റ് പ്രോഗ്രാം ഈ സർക്കാർ നടപ്പിലാക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയിബിലിറ്റി സെന്ററുകളാക്കി മാറ്റുന്ന പദ്ധതി കൾ വിഭാവനം ചെയ്ത് നടപ്പിലാക്കി മുന്നോട്ടുപോകുന്നു. 40,000 പേരെ ഒരു വർഷം കൊണ്ട് പി.എസ്.സി.യിൽ അഡ്വൈസ് ചെയ്ത് നിയമിച്ച് റെക്കാർഡ് നിയമനങ്ങൾ പൂർത്തിയാക്കിയ ഒരു സർക്കാരാണ് ഇത്. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടരുതെന്ന് പറഞ്ഞ് നിങ്ങൾ പി.എസ്.സി.ക്ക് ഒരു വിപ്പ് കൊടുത്തു. അതുപോലും മറികടന്നുകൊണ്ട് ചെറുപ്പക്കാരുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിച്ചൊരു ഗവൺമെന്റാണ് ഇത്. കേരളത്തിന്റെ പ്രൈമറി സെക്ടറും സെക്കന്ററി സെക്ടറും വലിയ വികാസം പ്രാപിച്ചിട്ടി ല്ല. കേരളത്തിലെ ചെറുപ്പക്കാർ കൂടുതലായി ആഗ്രഹിക്കുന്ന തൊഴിൽ മേഖലയെന്നുപറയുന്നത് സർക്കാർ നിയമനങ്ങൾ തന്നെയാണ്. അതു കൊണ്ട് ഇപ്പോഴൊരു ആശങ്ക ഉണ്ടായിരിക്കുകയാണ്. അങ്ങൊരു ഡിബേ റ്റിനുവേണ്ടിയാണെങ്കിൽപ്പോലും.... സ്വാഭാവികമായും ഒരു ജനാധിപത്യ സമൂഹത്തിൽ ആരോഗ്യപരമായ ചർച്ചകൾ ഉണ്ടാകുന്നത് നല്ലതാണ്. പക്ഷേ പെൻഷൻ പ്രായം ഉയർത്തുന്ന തീരുമാനം ഇപ്പോൾ അംഗീകരി ക്കാൻ കേരളത്തിലെ ചെറുപ്പക്കാർക്ക് കഴിയാത്ത ഒരു സാഹചര്യമാണ് ഉള്ളത്. അതുകൊണ്ട് അത്തരം ആശയങ്ങളുമായി മുന്നോട്ടുകൊണ്ടുപോ കരുത്. പെൻഷൻ പ്രായം ഉയർത്തുന്ന തീരുമാനത്തിൽനിന്നും, ആ ആശയത്തിൽനിന്നുപോലും തൽക്കാലം പിൻവലിയണമെന്നാണ് വിനീത മായി അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ സേവനാവകാശ നിയമം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾ നടപ്പിലാക്കിയതിന്റെ ചുവടു പിടിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വളരെ മാതൃകാപരമായി ആ നിയമം നടപ്പാക്കാൻ പോകുകയാണ്. ഈ ഗവൺമെന്റിനെ ലോകം ഉറ്റു നോക്കുകയാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് ലോകത്തിന് മുമ്പിൽ തുറന്നു കൊടുത്തപ്പോൾ ന്യൂയോർക്ക് ടൈംസ് പോലുള്ള മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കേരളത്തിലെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠി

ക്കാൻ യു.എൻ.ഡി.പി.യുടെ ഡെമോക്രാറ്റിക് ഗവേണൻസിന്റെ അദ്ധ്യക്ഷ തന്നെ കേരളത്തിൽ എത്തിയ സാഹചര്യങ്ങളുണ്ട്. സഹകരണമേഖലയിൽ ഈ ഗവൺമെന്റ് ഒരുപാട് നന്മകൾ ചെയ്യുന്നു. അതിലൊരു നന്മയാണ് നന്മ സ്റ്റോർ. വിലക്കയറ്റം തടയുന്നതിനുവേണ്ടി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നു. സഹകരണ മേഖലയിലെ ഒരു പ്രധാനപ്പെട്ട കാര്യം. പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് മുമ്പും ഈ സഭയിലും പുറത്തും ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ട്. ഞാൻ ഒരു ഗൗരവമായ ആക്ഷേപം ഉന്നയിക്കുകയാണ്. പരിയാരം മെഡിക്കൽ കോളേജിൽ പി. ജി. അഡ്മിഷൻ നടന്നു. ശ്രീ. എം. വി. ജയരാജൻ ചെയർമാനായിരിക്കുന്ന പരിയാരം മെഡിക്കൽ കോളേജിൽ ഈ സഭയിലെ ഒരംഗമായ ശ്രീ. ഇ.പി. ജയരാജന്റെ ബന്ധുവിന് പി.ജി.ക്ക് അഡ്മിഷൻ കൊടുത്തിരിക്കുകയാണ്. എന്റെ കൈയിൽ അതിന്റെ റാങ്ക് ലിസ്റ്റിന്റെ കോപ്പിയുണ്ട്. ശ്രീ. കെ.ടി.ജലീലിനും ഇതിന്റെ കോപ്പി തരാം. 49-ാമത്തെ റാങ്കുകാരനായ ഡോ. ജിൽജിത്തിന് പി.ജി.ക്ക് അഡ്മിഷൻ കിട്ടി. പരിയാരം മെഡിക്കൽ കോളേജിൽ പി.ജി.ക്ക് ആകെ നാല് സീറ്റാണ് ഉള്ളത്. മെറിറ്റിലും മാനേജ്മെന്റിലും രണ്ടുവീതം. ഞാൻ ആക്ഷേപം ഉന്നയിക്കുന്നത് ഇയാൾ മാനേജ്മെന്റ് നടത്തുന്ന പരീക്ഷയാണ് എഴുതിയിരിക്കുന്നത്. അതിൽ 49-ാമത്തെ റാങ്കുകാരന് എങ്ങനെ അഡ്മിഷൻ കിട്ടും? മാനേജ്മെന്റിന് ആകെ രണ്ടുസീറ്റാണ് ഉള്ളത്. അതിൽ നാല്പത്തൊമ്പതാമത്തെ ആൾക്ക് എങ്ങനെ അഡ്മിഷൻ കിട്ടും? ഇതിന്റെ പിന്നിൽ വളരെ വലിയ ക്രമക്കേടുകൾ നടന്നിട്ടുണ്ട്. 49-ാമത്തെ റാങ്കുകാരന് നാല് സീറ്റുള്ളിടത്ത് അഡ്മിഷൻ കിട്ടിയതിനെ സംബന്ധിച്ച് സഹകരണ വകുപ്പുമന്ത്രി അന്വേഷിക്കണം. ഞാൻ എഴുതി കൊടുക്കാത്തതുകാരണം ഒരു ആരോപണമായി ഇവിടെ ഉന്നയിക്കുന്നില്ല. പക്ഷേ പരിയാരം മെഡിക്കൽ കോളേജിൽ ഇപ്പോൾ നടന്നിരിക്കുന്ന കോടികളുടെ തട്ടിപ്പിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയാണ്. അതോടൊപ്പം തന്നെ ഇവിടെ കടത്തെ സംബന്ധിച്ച് പറയുന്നു. കടത്തെക്കുറിച്ച്

നിങ്ങൾക്ക് അഭിപ്രായമുണ്ടോ? ശ്രീ. ജി. സുധാകരൻ പ്രതിശീർഷ കടം കൂടിയത് ഒരു ആക്ഷേപമായി പറയുകയാണ്. അതേസമയം ഡോ. തോമസ് ഐസക് പറയുന്നതെന്താണ്? കടമെടുക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ നയം അനുവദിക്കുന്നില്ല എന്നാണ്. പ്രതിശീർഷ കട ത്തിന്റെ കാര്യത്തിൽ കേരളത്തെ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്തെത്തിച്ച് ജനിക്കുന്ന കുഞ്ഞുങ്ങളെ 15000 രൂപ കടക്കാര നാക്കിയ, ആ സംഭാവന മാണിസാറിനെ ഏൽപ്പിച്ചിട്ടുപോയ ഡോ. തോമസ് ഐസക് അല്ലേ കേരളത്തിന്റെ സാമ്പത്തിക നില ഇത്രയധികം പ്രതിസന്ധിയിലാക്കിയത്? അക്കാര്യത്തിലുൾപ്പെടെ പല കാര്യങ്ങളിലും ഡോ. തോമസ് ഐസക്കും ശ്രീ. ജി. സുധാകരനും തമ്മിൽ ആലപ്പുഴ യിൽ അഭിപ്രായ ഐക്യമില്ല. കേരളത്തിൽ അഭിപ്രായ ഐക്യമില്ല. അദ്ധ്യാപക പാക്കേജ് ഗവൺമെന്റ് ഇവിടെ നടപ്പാക്കി. അതിന് ബഹുമാന പ്പെട്ട മുഖ്യമന്ത്രിയേയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും ഞാൻ അഭിന ന്ദിക്കുന്നു. പത്തിരുനൂറ്റമ്പത് ആളുകളേയുള്ളു അനദ്ധ്യാപകർ. 250 ആളു കൾ അതേ സ്കൂളുകളിൽ ജോലി ചെയ്യുന്നവരാണ്. അദ്ധ്യാപക പാക്കേ ജിൽ അദ്ധ്യാപകർക്ക് സംരക്ഷണം കിട്ടിയപ്പോൾ ഈ സാധുക്കൾക്ക് സംരക്ഷണം കിട്ടുന്നില്ല. അത്രയും വർഷം ജോലി ചെയ്തവരാണ്. അതു കൊണ്ട് അനദ്ധ്യാപക പാക്കേജിന് അങ്ങയുടെ നേതൃത്വത്തിൽ അംഗീ കാരം കൊടുക്കണം. എന്റെ നിയോജകമണ്ഡലമായ ചെങ്ങന്നൂരിൽ ബൈപ്പാസില്ല. ചങ്ങനാശ്ശേരിയിലും തിരുവല്ലയിലും അടൂരും ബൈപ്പാസു ണ്ട്. കേരളത്തിലെ ജനസംഖ്യയേക്കാൾ കൂടുതൽ ആളുകൾ, ഏതാണ്ട് മൂന്നുകോടിയിലധികം ആളുകൾ ശബരിമല തീർത്ഥാടന കാലത്ത് തീർത്ഥാടനത്തിനെത്തുന്ന, ശബരിമലയിലെ പ്രധാന ഇടത്താവളമായ ചെങ്ങന്നൂരാണ് എല്ലാവരും ട്രെയിനിൽ വന്നിറങ്ങുന്നത്. ആ സീസണിൽ അവിടെ വലിയ ഗതാഗതക്കുരുക്കാണ്. അവിടെ ബൈപ്പാസിന് വേണ്ടി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. എം. മാണി സർ അങ്ങ് ഇത്തവണയെങ്കിലും ചെങ്ങന്നൂരിൽ ബൈപ്പാ

സിന് അനുവാദം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. 2011-12-ൽ 80.70 കോടി രൂപ ആയിരുന്നു പി.ഡബ്ല്യ്യു.ഡി.ക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയത്. എന്നാൽ 1120 കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചത്. അത് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമല്ലേ? നിങ്ങളുടെയെല്ലാം നിയോജകമണ്ഡലത്തിലുമുണ്ട്. സി.പി.ഐ. യുടെ എം.എൽ.എ. മാർ ഇവിടെയുണ്ട്. ചാത്തന്നൂർ ഒരുപാട് പ്രഗത്ഭരായ സി.പി.ഐ. എം.എൽ. എ. മാർ ഉണ്ടായിരുന്ന ഇടമാണ്. അവിടത്തെ എം.എൽ.എ എന്നോട് പറഞ്ഞത് ആദ്യത്തെ ബി.എം. & ബി.സി. റോഡിന് 10 കോടി രൂപ ഈ ഗവൺമെന്റാണ് അനുവദിച്ചതെന്നാണ്. ഡോ. തോമസ് ഐസക്കിന്റെ കാലത്ത് ഞങ്ങൾക്കൊന്നും തരില്ലായിരുന്നു. തന്നിട്ടുണ്ടോ? വിവരാവകാശ നിയമപ്രകാരം ശേഖരിച്ച കണക്കുണ്ട്. ശ്രീ. ആരിഫ് അവിടെയുണ്ടല്ലോ തുറവൂർ -പമ്പ പാതയ്ക്ക് ഈ ഗവൺമെന്റല്ലേ എ.എസ്. കൊടുത്തത്. ഒറ്റപ്പാലത്ത് ഫിലിം സിറ്റിക്ക് എ.എ.സ്. കൊടുത്തത് ഈ ഗവൺമെന്റല്ലേ? ഇതെല്ലാം വാങ്ങിക്കുകയും ഈ ഗവൺമെന്റിനെ വിമർശിക്കുകയും ചെയ്യുന്നത് മനസ്സാക്ഷിക്ക് നിരക്കുന്നതാണോയെന്ന് നെഞ്ചത്ത് കൈവച്ച് സ്വയം ചോദിക്കേണ്ട കാര്യമാണ്. അതുപോലെ തന്നെ 87.59 കോടി രൂപ ഇപ്പോൾ പി.ഡബ്ല്യ്യു.ഡി.ക്ക് വകയിരുത്തിയിട്ടുണ്ട്. ഏതാണ്ട് **800** കോടി രൂപയുടെ ഭരണാനുമതി പി.ഡബ്ല്യ്യു.ഡി. ആവശ്യപ്പെട്ടിരിക്കുകയാണ്. പി.ഡബ്ല്യ്യുഡി.ക്ക് കൂടുതൽ പണം അനുവദിച്ചുകൊണ്ട് നമ്മുടെ നിയോജകണ്ഡലങ്ങളിലെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടിയുള്ള വലിയൊരു മുന്നേറ്റത്തിന് തുടക്കം കുറിച്ചത് ഊർജ്ജിതമായി മുന്നോട്ടുകൊണ്ടുപോകാൻ അങ്ങയുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത് സഭയുടെ ഒരു പൊതുവികാരമാണ്. ഇവിടെ രാഷ്ട്രീയമായ ഒരുപാട് കാര്യങ്ങൾ അപ്പുറത്തുനിന്ന് ശ്രീ. ബാബു എം. പാലിശ്ശേരിയൊക്കെ പറഞ്ഞു. അദ്ദേഹം ആവർത്തിച്ചുപറഞ്ഞു അവരുടെ ഇടയിൽ ചില പ്രശ്നങ്ങളുണ്ടെന്ന്.

എന്താണ് പ്രശ്നം? നിങ്ങളുടെ ആ പ്രശ്നം തുറന്നുപറയാൻ കഴിയാത്ത പ്രശ്നമാണോ? വനിതയിലും ഗൃഹലക്ഷ്മിയിലുമൊക്കെ ആളുകൾ കത്തെഴുതാറുണ്ട്. ഞാൻ പതിനെട്ട് വയസ്സുള്ള യുവാവാണ് / യുവതിയാണ് എന്നൊക്കെപറഞ്ഞ് അവരുടെ പ്രശ്നങ്ങൾ എഴുതാറുണ്ട്. നിങ്ങളുടെ പ്രശ്നമെന്താണ്? നിങ്ങൾ പറഞ്ഞ എല്ലാക്കാര്യങ്ങളെക്കുറിച്ചും എനിക്ക് മറുപടി പറയണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ സമയം വളരെ കുറവാണ്. രാഷ്ട്രീയമായി പറഞ്ഞ കാര്യങ്ങൾക്ക്, നിങ്ങൾ പറഞ്ഞ ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകത്തെ സംബന്ധിച്ച് നിങ്ങളുടെ അഴിമതിയെക്കുറിച്ച്, എസ്.എൻ.സി. ലാവ്ലിനെക്കുറിച്ച്, നിങ്ങളുടെ കാലത്ത് നടന്ന ലോട്ടറി ഇടപാടിനെക്കുറിച്ച്, വൈദ്യുതി ബോർഡിൽ നടന്ന ക്രമക്കേടുകളെക്കുറിച്ചൊക്കെ എനിക്ക് മറുപടി പറയണമെന്ന് ആഗ്രഹമുണ്ട്. സമയക്കുറവുകൊണ്ട് കഴിയുന്നില്ല. പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ കേന്ദ്രകമ്മിറ്റിയിൽ നടത്തിയ പ്രസംഗമുണ്ട്. ആ പ്രസംഗം മാതൃഭൂമി പത്രത്തിൽ പ്രസിദ്ധികരിച്ചുവന്നിട്ടുണ്ട്. അങ്ങ് അനുവദിക്കുകയാണെങ്കിൽ ഈ പ്രസംഗം മേശപ്പുറത്ത് വയ്ക്കാം. ഞാനായിട്ട് ഇക്കാര്യങ്ങൾക്കെല്ലാം മറുപടി പറയേണ്ട കാര്യമില്ല. (പത്രം ഉയർത്തിക്കാട്ടി) ഈ പ്രസംഗം മേശപ്പുറത്ത് വച്ച് ഇതൊന്ന് സർക്കുലേറ്റ് ചെയ്യാൻ അങ്ങ് നിർദ്ദേശിക്കുകകൂടി ചെയ്താൽ മതി, കാര്യങ്ങൾക്കെല്ലാം ബഹുമാന്യനായ വി.എസ്. അച്ചുതാനന്ദൻ മറുപടി പറഞ്ഞിട്ടുണ്ട്. ചന്ദ്രശേഖരന്റെ കൊലപാതകത്തിന് ഉത്തരവാദികളായ ആരും പാർട്ടിയിലുണ്ടാകില്ല എന്ന് ജനറൽ സെക്രട്ടറി വ്യക്തമാക്കിയതാണ്. "ചന്ദ്രശേഖരന്റെ കൊലപാതകത്തിന് ഉത്തരവാദികളായവർ ഈ പാർട്ടിയിലില്ല എന്ന് നാം എത്രതന്നെ പറഞ്ഞാലും സാമാന്യ ബുദ്ധിയുള്ള ആരുമത് വിശ്വസിക്കുമെന്ന് തോന്നുന്നില്ല. രണ്ട് ജില്ലയിലെ സെക്രട്ടേറിയറ്റ് അംഗങ്ങൾ മുതൽ ബ്രാഞ്ച് സെക്രട്ടറി വരെ വിവിധ ഘടകങ്ങളിൽപ്പെട്ട രണ്ട് ഡസനിലേറെ സഖാക്കൾ അറസ്റ്റിനും ചോദ്യം ചെയ്യലിനും വിധേയരായിരിക്കുന്നു. രണ്ട് ജില്ലാ സെക്രട്ടേറിയറ്റ് മെമ്പർമാരുൾപ്പെടെയുള്ളവർ ഇപ്പോഴും ജയിലിലാ

ണ്. അതെല്ലാം പോലീസും യു.ഡി.എഫും ചേർന്ന് ചമച്ച കേസുകളാണെന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുകയാണ് നാമിപ്പോൾ. രണ്ടു വർഷത്തോളം നീണ്ടുനിന്ന കൊലപാതക ആസൂത്രണവുമായി ബന്ധപ്പെട്ട് നേതാക്കൾക്കെതിരെ തെളിവുകൾ പുറത്തുവരുന്നു. തലശ്ശേരിയിൽ നമ്മെ വിട്ടുപോയ ഫസൽ എന്ന ചെറുപ്പക്കാരനെ നമ്മളാണ് കൊല ചെയ്തതെന്ന് സി.ബി.ഐ. അന്വേഷിച്ച് കോടതിയിൽ റിപ്പോർട്ട് നൽകിയിരിക്കുന്നു. പാർട്ടിയുടെ ഒരു ജില്ലാ സെക്രട്ടേറിയറ്റ് അംഗവും ലോക്കൽ സെക്രട്ടറിയും ആ കേസിൽ ജയിലിലാണ്. അവസാനം ആ കൊലപാതകവുമായി ബന്ധപ്പെട്ട് വർഗ്ഗീയ കുഴപ്പം സൃഷ്ടിക്കാൻ നമ്മുടെ പാർട്ടി ശ്രമിച്ചുവെന്നുകൂടി സി.ബി.ഐ.യുടെ കുറ്റപത്രത്തിൽ പറഞ്ഞുവെന്ന്....." ഞാൻ അല്ല കേരളത്തിന്റെ പ്രതിപക്ഷ നേതാവായ സഖാവ് വി.എസ്. അച്ചുതാനന്ദൻ പറഞ്ഞ ആ പ്രസംഗം ഇവിടെ മാതൃഭൂമി പ്രസിദ്ധീകരിച്ചിട്ട് 48 മണിക്കൂർ ആയിട്ടും അദ്ദേഹം നിഷേധിച്ചിട്ടില്ല. അദ്ദേഹം പറഞ്ഞിട്ടില്ലാത്ത കാര്യമാണെങ്കിൽ 48 മണിക്കൂർ കഴിഞ്ഞില്ലേ പത്രത്തിൽ ഒരു പേജ് പ്രസിദ്ധീകരിച്ചിരിക്കുകയാണ്. അദ്ദേഹം നിഷേധിച്ചിട്ടില്ല. ലാവ്‌ലിനെക്കുറിച്ച്, ലോട്ടറിയെക്കുറിച്ച് നിങ്ങൾ നടത്തുന്ന ജനവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം ആഞ്ഞാഞ്ഞു പറയുകയാണ്. അദ്ദേഹം പറയുന്നു " എല്ലാ കമ്മ്യൂണിസ്റ്റ് മൂല്യങ്ങളും മാറ്റിവച്ച് സംസ്ഥാന പാർട്ടി ഏതാനും വ്യക്തികളുടെ താത്പര്യങ്ങൾ ഉയർത്തിപ്പിടിക്കുകയാണ്. വർഗ്ഗീയ ശക്തികളുമായി കൂട്ടുചേരുന്നു. കൊലപാതക രാഷ്ട്രീയത്തിൽ ഉൾപ്പെടുന്നു. ക്രിമിനലുകളുടെയും അഴിമതിക്കാരുടെയും കൈയേറ്റക്കാരുടെയും കോർപ്പറേറ്റ് ഭൂമാഫിയകളുമായി സന്ധി ചെയ്യുന്നുവെന്ന്....." ഞങ്ങളല്ല പറഞ്ഞത് പ്രതിപക്ഷനേതാവ്. ഇവിടെയല്ല, ഏതെങ്കിലും കവലയിലുമല്ല പറഞ്ഞത്. എ.കെ.ജി.യുടെ പേരിലുള്ള നിങ്ങളുടെ കേന്ദ്ര കമ്മിറ്റിയുടെ യോഗത്തിൽ അദ്ദേഹം പ്രസംഗിച്ചുവെന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഫുൾടെക്സ്റ്റ്

മാതൃഭൂമി പ്രസിദ്ധീകരിച്ചിട്ട് 48 മണിക്കൂർ കഴിഞ്ഞിട്ടും അദ്ദേഹം നിഷേധിക്കാത്ത വാർത്തയായതുകൊണ്ട് മാത്രമാണ് ആധികാരികമായി ഇത് ഇവിടെ വായിക്കാൻ എനിക്ക് പ്രേരണ തന്നത്, എനിക്ക് ശക്തിതന്നത്. സി.പി.ഐ.യ്ക്ക് ഇതിനെ സംബന്ധിച്ച് അഭിപ്രായമുണ്ടോ? ഇവിടെ നിയമസംവിധാനത്തെ നിങ്ങൾ വെല്ലുവിളിക്കുകയാണ്. മുൻ മന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ പ്രസംഗിക്കാനിരിക്കുകയല്ലേ. ഇവിടെ ഭൂമിയെക്കുറിച്ചു പറഞ്ഞു. Report of the Committee on regularization of conversion of paddy land - ആ റിപ്പോർട്ടിൽ ഒരു വശത്ത് നിങ്ങൾ പറയുന്നത് വെറുതെ പറയുന്നതല്ല. നിങ്ങൾ വിലയിട്ട് കൊടുത്തിരിക്കുകയാണ്. plots up to 5 cents എത്രയാണ് വില? plots above 5 cents എത്രയാണ് വില? plots with building up to 3 storied ...... നിലം നികത്തി മൂന്നുനില കെട്ടിടം വച്ചതുപോലും റഗുലറൈസ് ചെയ്യാൻ വേണ്ടി കമ്മിറ്റിയെ വച്ച് റിപ്പോർട്ടുണ്ടാക്കിയവരാണ് നിങ്ങൾ. ബഹുമാന്യനായ ഡോ. തോമസ് ഐസക് തന്നെ നിയമസഭയിൽ പറഞ്ഞതല്ലേ നെൽവയൽ നികത്തൽ നിയമം മൂലം നിരോധിച്ചിരിക്കുകയാണെന്ന്. അനിവാര്യസാഹചര്യങ്ങളിൽ ഇതിന് ഇളവ് വരുത്താൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം അനുവാദം നൽകുമ്പോൾ ഏറ്റവും ചെറുകിടക്കാർക്ക് ഒഴികെ ബാക്കിയുള്ളവരിൽനിന്നും കനത്ത ഫീസ് ഈടാക്കാം. അങ്ങനെ ഫീസ് ഈടാക്കിക്കൊണ്ട് 2005 മുതൽ നികത്തിയതുമുഴുവൻ റഗുലറൈസ് ചെയ്തു. ബഹുമാന്യനായ മുല്ലക്കര രത്നാകരൻ ഇവിടെയുണ്ട്. അങ്ങ് കൃഷി വകുപ്പ് മന്ത്രിയായിരുന്നല്ലോ? അതിനുമുമ്പ് ശ്രീമതി ഗൗരിയമ്മ ഇവിടെ കൃഷി വകുപ്പുമന്ത്രിയായിരുന്നു. അപ്പോഴാണ് ആറൻമുളയിൽ നിലം നികത്താൻ പോയത്. അത് തടയാൻ ആർജ്ജവമുള്ള ആ കൃഷി വകുപ്പുമന്ത്രിക്ക് കഴിഞ്ഞു. അവരത് തടഞ്ഞു. അങ്ങ് കൃഷി വകുപ്പുമന്ത്രിയായിരുന്നപ്പോൾ 250 ഏക്കർ നിലം ആറൻമുളയിൽ നികത്തിയപ്പോൾ അങ്ങ്

അറിഞ്ഞോ? അങ്ങ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയ കൃഷി വകുപ്പുമന്ത്രിയല്ലേ? അങ്ങയുടെ മുഖ്യമന്ത്രി എഴുതി ക്കൊടുത്തതല്ലേ .... but we are called that since this land has developed violation of the rule..... നിയമവിരുദ്ധമായി നികത്തി എന്ന് ഒരു എം.എൽ.എ....... ഞാൻ നേരത്തെ തന്നെ പറഞ്ഞതാണ് അദ്ദേഹ ത്തിന് മലയാളമറിയാം. അദ്ദേഹം കത്ത് കൊടുക്കുന്ന മുഖ്യമന്ത്രിക്കും നന്നായി മലയാളം അറിയാം; പക്ഷേ കെ.ജി.എസ് ഗ്രൂപ്പുകാരന് മലയാളം അറിയാത്തതുകൊണ്ട് ഇംഗ്ലീഷിൽ തയ്യാറാക്കിയ കത്തിന്റെ അടിയിൽ എല്ലാ നിയമ വിരുദ്ധമായ കാര്യങ്ങൾക്കും അടിയന്തരമായി നടപടിയെ ടുത്ത് റിപ്പോർട്ട് ചെയ്യാൻ എഴുതിയ മുഖ്യമന്ത്രിയുടെ കൂടെ ക്യാബിനറ്റിൽ ഇരുന്ന അങ്ങ്....... അദ്ദേഹം തിരുവല്ലയിൽ പോയി പറഞ്ഞു ഒരു ബാലകൃ ഷ്ണൻ , ശ്രീ. ബാലകൃഷ്ണപിള്ളയുടെ മരുമകനാണ്. ആ ബാലകൃഷ്ണ നാണ് ഈ കുഴപ്പമെല്ലാം കാണിച്ചത് എന്ന്. ഞാൻ പിന്നീട് അന്വേഷിച്ചു ഇത് ഇനിഷ്യേറ്റ് ചെയ്തത് വ്യവസായ വകുപ്പല്ല, കൃഷി വകുപ്പല്ല ജനറൽ അഡ്മിനിസ്ട്രേഷൻ വകുപ്പാണ്. അതിന്റെ ചുമതലയുണ്ടായിരുന്നത് ബഹുമാന്യനായ അന്നത്തെ മുഖ്യമന്ത്രിക്കാണ്. അദ്ദേഹത്തിന്റെ വകു പ്പിൽനിന്ന് ഇക്കാര്യങ്ങളെല്ലാം ഇനിഷ്യേറ്റ് ചെയ്തിട്ട് പോച്ചംപള്ളിയും ആറൻമുളയും ഇൻഡ്യയിലെ പൈതൃക ഗ്രാമങ്ങളാണെങ്കിൽ ആ പൈതൃക ഗ്രാമത്തെ വ്യവസായ മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് നോട്ടിഫൈ ചെയ്തശേഷം ആളുകളെ കബളിപ്പിക്കുന്ന പരിപാടി അവ സാനിപ്പിക്കണം. എന്നിട്ട് ഇതാ ഞങ്ങൾ ഭൂമിയുടെ സംരക്ഷകരാണ് നില ത്തിന്റെ സംരക്ഷകരാണ് എന്നു പറയുമ്പോൾ ജനങ്ങൾക്ക് അത് തിരിച്ച റിയാൻ വിവേകമുണ്ട്, ബോധ്യമുണ്ട് എന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ നിങ്ങൾ തയ്യാറാകണം. അതുകൊണ്ട് ഇക്കാര്യത്തിലെല്ലാം ഗവൺമെന്റ് എടുക്കുന്ന ഇനിഷ്യേറ്റീവ്സിനെ ആത്മാർത്ഥമായി അംഗീകരിച്ചുകൊണ്ട് സി.പി.ഐ(എം) നേരിടുന്ന പ്രതിസന്ധികൾ അവരെക്കൊണ്ട് ഇത്തരം

കാര്യങ്ങൾ കൂടുതൽ പറയാൻ അനുവദിക്കാത്തതാണ്. അത് പറയുന്ന ആളുകളും ആ പാർട്ടിയിലുണ്ട് എന്നതുകൊണ്ട് ആ കാര്യങ്ങൾ കൂടുതലായി പുറത്തുവരുമെന്ന് അറിയാവുന്നതുകൊണ്ടും ഈ ഗവൺമെന്റിന്റെ നന്മകളെ കൂടുതൽ ശക്തിപ്പെടുത്തുന്ന ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.